**അടിയന്തരപ്രമേയം**

## റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം റോഡുകൾ ഗതാഗതയോഗ്യമല്ലാതായും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളം കാലങ്ങളായി ചർച്ച ചെയ്യുന്ന വിഷയമാണ് ഇന്നിവിടെ സഭയിൽ ഉയർന്നുവന്നിട്ടുള്ളത്. ഈ വിഷയം പരിഹരിക്കുവാൻ ആത്മാർത്ഥമായ ശ്രമങ്ങളാണ് പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഇപ്പോഴും

നടന്നുകൊണ്ടിരിക്കുന്നത്. ഈയൊരു വർഷത്തിനിടയിൽ അതിന്റെ ഭാഗമായി ഒട്ടേറെ ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. കേരളത്തിന്റെ കാലാവസ്ഥയടക്കം ചില പ്രശ്നങ്ങൾ ഇതിന് കാരണമാണ്. അതിനായി പുതിയ പദ്ധതികൾതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം റോഡ് പരിപാലനം ഉറപ്പാക്കുന്നതിലേയ്ക്കുള്ള പ്രധാന ചുവടുവയ്പ്പാണ്. നമ്മുടെ സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത് നടപ്പാക്കുന്നത്. എല്ലാവരും നടത്തിയ ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരത്തിലൊരു പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്, അത് ഭാവിയിൽ നമുക്ക് ഏറെ ഗുണകരമാകും. ഒന്നും രണ്ടും ഘട്ടങ്ങളിലെ റണ്ണിംഗ് കോൺട്രാക്ട് പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിൽ 117,30,00,000/- രൂപയാണ് അനുവദിച്ചത്. അതിന്റെ പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. രണ്ടാം ഘട്ടത്തിൽ 184,98,60,000/- രൂപ അനുവദിച്ച് അതിന്റെയും പ്രവൃത്തികളും നടപ്പിലാക്കുകയാണ്. പരിപാലന കാലാവധി പരസ്യപ്പെടുത്തൽ എന്ന തീരുമാനം ഈ മേഖലയിൽ വലിയ മാറ്റത്തിന് സഹായകരമായിട്ടുണ്ട്. 2606 ഡി.എൽ.പി. ബോർഡുകൾ നിരത്ത് വിഭാഗം മാത്രം സ്ഥാപിച്ചുകഴിഞ്ഞ

വിവരം ഇവിടെ ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ വിംഗുകളിലുമായി 3142 ഡി.എൽ.പി. ബോർഡുകൾ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പരിപാലന കാലാവധി പരസ്യപ്പെടുത്തിയതോടെ റോഡുകളുടെ നിലവാരം വർദ്ധിച്ചുവെന്ന് മാത്രമല്ല ഈ കാലയളവിലെ പരിപാലനവും ഉറപ്പാക്കാനായി. ഭരണ പ്രതിപക്ഷ കക്ഷികൾ ഒരുപോലെ ഈ നീക്കത്തെ പിന്തുണച്ച് അവരുടെ മണ്ഡലങ്ങളിൽ ബോർഡ് പ്രദർശന ഉദ്ഘാടനം നടത്തിയിരുന്നു. ഇത്തരം റോഡുകളിൽ പരിഹാരമാകുന്നത് ഒരു പൊതു ഇടപെടലിന്റെകൂടി ഭാഗമായിട്ടാണ്. ജനങ്ങൾക്ക് ഇടപെടാൻ സാധിക്കും, ഉദ്യോഗസ്ഥർ, കരാറുകാർ എന്നിവർ  ശ്രദ്ധിക്കുന്ന സ്ഥിതിവരും ഇങ്ങനെയുള്ള പരിപാലന കാലാവധിയുള്ള റോഡുകളിൽ ഈ വിഷയം പരിഹരിക്കാൻ ഏറെക്കുറെ സാധിച്ചത് ഈ പുതിയ ചുവടുവയ്പ്പിന്റെ ഭാഗമായിട്ടാണ്. പ്രീ മൺസൂൺ പ്രവൃത്തി നടത്തി റോഡുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ശ്രമിച്ചിട്ടുണ്ട്. മഴക്കാലത്ത് റോഡ് പരിപാലനത്തിന് ആസൂത്രിതമായ പ്രവർത്തനങ്ങളും ഏർപ്പെടുത്തി. അതിന്റെ ഭാഗമായാണ് കൺട്രോൾ റൂം തുറന്ന് പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്. ഇക്കഴിഞ്ഞ ഒരു

വർഷം സ്ഥിരമായി കൺട്രോൾ റൂം സംവിധാനം നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കുഴി രൂപപ്പെട്ടുകണ്ടാൽ മഴ മാറുമ്പോൾത്തന്നെ താൽക്കാലികമായെങ്കിലും അത് അടയ്ക്കാനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബി പ്രവർത്തികൾ ആരംഭിക്കാത്തിടത്ത് ഇത്തരം പ്രശ്നം ഉയർന്നുവന്നപ്പോൾ അവിടെയും പണം അനുവദിച്ച് അറ്റകുറ്റപ്പണി സാധ്യമാക്കാനായി. ഇത് കിഫ്ബിയുമായി നടത്തിയ ചർച്ച വളരെ പോസിറ്റീവായി മാറിയതിന്റെ ഭാഗമായാണ്. വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാനാണ് ശ്രമിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ റോഡ് പ്രവൃത്തികളെ ബാധിക്കാതിരിക്കാനുള്ള ഏകോപിതമായ ശ്രമം നടത്തുന്നുണ്ട്. മന്ത്രിതല ചർച്ചകളുടെയും സെക്രട്ടറിതല സമിതികളുടെ യോഗത്തിന്റെയും തീരുമാനപ്രകാരം പ്രത്യേക ഉത്തരവുതന്നെ ഇതിന്റെ ഭാഗമായി പുറപ്പെടുവിച്ചു. ജലസേചന വകുപ്പുമന്ത്രി വളരെ പോസിറ്റീവായ നിലപാടാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ റോഡുകൾ ഒരു കുഴിപോലും ഇല്ലാത്ത തരത്തിൽ മാറണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അത് ഘട്ടംഘട്ടമായി കൈവരിക്കാൻ സാധിക്കും എന്നുതന്നെയാണ് പ്രതീക്ഷ. ഒരു കാര്യം ഉറപ്പിച്ച്

പറയാനാകും, റോഡുകളുടെ കുഴികളുടെ കാര്യത്തിൽ കഴിഞ്ഞ ജൂലൈ മാസത്തേക്കാൾ ഇത്തവണ കുറവാണ് എന്ന കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ഒരു കുഴി പോലും ഇല്ലാതാകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനുവേണ്ടി ഫലപ്രദമായി സിസ്റ്റത്തെ ചലിപ്പിക്കുകയാണ്. മഴക്കാലം ഭൂരിഭാഗം മാസങ്ങളും അപഹരിച്ചുവെന്നത് വസ്തുതയാണ്. എന്നാൽ ഫലപ്രദമായ ആസൂത്രണത്തിന്റെ ഭാഗമായി സർവ്വകാല റെക്കോർഡോടുകൂടി പദ്ധതികൾ പൂർത്തീകരിക്കാനായി എന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഞാൻ പ്രത്യേകം ആഗ്രഹിക്കുകയാണ്. ഈ സഭ ഐകകണ്ഠേന കയ്യടിച്ച് പാസ്സാക്കിയ വർക്കിംഗ് കലണ്ടർ ഇതിന് ഗുണംചെയ്തു. വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരുമുൾപ്പെടെയുള്ള മിഷൻ ടീം രണ്ടാഴ്ചയിലൊരിക്കൽ സംസ്ഥാന തലത്തിൽ മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ കൈകൊള്ളുന്നുണ്ട്. ജില്ലകളിൽ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഡി.ഐ.സി.സി. സംവിധാനം ശക്തിപ്പെടുത്തി. ജില്ലകളിൽ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാൻ നമുക്ക് ഇതിലൂടെ സാധിക്കുന്നുണ്ട്. മണ്ഡലങ്ങളിൽ പ്രവൃത്തി വിലയിരുത്തുവാൻ

രൂപീകരിച്ച കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം മികച്ച നിലയിൽ പ്രവർത്തിക്കുന്നുവെന്ന് പ്രതിപക്ഷ എം.എൽ.എ.മാർ ഉൾപ്പെടെ എല്ലാവരും പറഞ്ഞ കാര്യം ഞാൻ ഇവിടെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മണ്ഡലങ്ങളിൽ നേരിട്ട് പോയി പ്രവർത്തനങ്ങൾ വിലയിരുത്തുവാനും മറ്റ് തടസ്സങ്ങൾ നീക്കാനും പരമാവധി ശ്രമിച്ചിട്ടുണ്ട്. ഈ പതിമൂന്ന് മാസങ്ങൾക്കിടയിൽ കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിൽ 126 മണ്ഡലങ്ങളിൽ ഇതിനോടകം നേരിട്ട് പോയിട്ടുണ്ട് എന്നുള്ളത് അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ആകുമ്പോൾ പരമാവധി നേരിട്ട് പോകേണ്ടത് അനിവാര്യമാണ് എന്ന് കണ്ടുകൊണ്ടാണ് ഈ നിലയിൽ ഇടപെടുന്നത്. ഭരണപക്ഷത്തിന്റെ മാത്രമല്ല പ്രതിപക്ഷ എം.എൽ.എ.മാർ ആവശ്യപ്പെട്ടിടത്തും പോയിട്ടുണ്ട്, അതിലൊന്നും ഒരുതരത്തിലുമുള്ള വിവേചനവുമുണ്ടായിട്ടില്ല. എല്ലാ നിലയിലും എം.എൽ.എ.മാരെ സഹായിക്കാൻ ഇടപെടുന്നുണ്ട്. ഈ തരത്തിൽ റോഡ് പരിപാലനം സാധ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് സുശക്തമായി മുന്നോട്ടുപോകുകയാണ്. ഇവിടെ അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള ചില റോഡുകളുണ്ട്, ഞാനത്

മുഴുവൻ വായിക്കുന്നില്ല. അതൊക്കെ പരിഹരിക്കാൻ ഇടപെട്ടിട്ടുണ്ട്. ആവശ്യമുണ്ടെങ്കിൽ പിന്നീട് വായിക്കാവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള തെറ്റായ പ്രവണതകൾ കാണിച്ചവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കരാറുകാർക്കെതിരെയും നടപടി സ്വീകരിക്കുവാൻ ഒരു മടിയുമുണ്ടായിട്ടില്ല. തെറ്റായ പ്രവണതകൾ കണ്ടാൽ അതിനെതിരെ സന്ധിയില്ലാതെതന്നെ മുന്നോട്ടുപോകുന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ എക്കാലവും സ്വീകരിച്ചത്. റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനം വരുംകാലങ്ങളിൽക്കൂടി നമുക്ക് മുതൽക്കൂട്ടാകുന്ന ഒന്നാകും എന്ന് ഉറപ്പുണ്ട്. സർക്കാർ എടുക്കുന്ന ശക്തമായ നിലപാടിനൊപ്പം പ്രതിപക്ഷം നിലകൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ടുതന്നെ സഭ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 1993-ൽ ഇറങ്ങിയ 'മണിചിത്രത്താഴ്' എന്ന സിനിമയിൽ കുതിരവട്ടം പപ്പു അഭിനയിച്ച 'കാട്ടുപറമ്പൻ' എന്നൊരു കഥാപാത്രം നടക്കുമ്പോൾ 'കുഴി, വെള്ളം, വെള്ളം, കുഴി' എന്നുപറയുന്നുണ്ട്. ഇതുപോലെയാണ് കേരളത്തിലെ റോഡുകളിലൂടെ ജനങ്ങൾ നടന്നുപോകുന്നതും വാഹനങ്ങൾ മുന്നോട്ടുപോകുന്നതും. അങ്ങിവിടെ പറഞ്ഞതല്ലാതെ മറ്റൊന്നും കേരളത്തിൽ സംഭവിച്ചിട്ടില്ല എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കെല്ലാം അറിയാവുന്ന കാര്യംതന്നെയാണ്. അങ്ങ് പറഞ്ഞല്ലോ, എല്ലാ എം.എൽ.എ.മാരും അതാത് മണ്ഡലങ്ങളിൽ ബോർഡ് വച്ചു എന്ന്. ശരിയാണ് ബോർഡ് വച്ചു. അതിൽ അങ്ങ് പറഞ്ഞ വാചകം ഞങ്ങൾ എഴുതി വച്ചു, 'ജനം കാഴ്ചക്കാരല്ല, കാവൽക്കാരാണ്' എന്ന്. പക്ഷെ ആ വാക്കുകൾ മാറ്റണം. ഇന്ന് റോഡുകൾ കണ്ടാൽ ജനം കാഴ്ചക്കാരല്ല, കുണ്ടിലും കുഴിയിലും വീഴേണ്ടവരാണ് എന്ന് മാറ്റിയെഴുതണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ അധികം മഴ ലഭിക്കുന്നതും വാഹനങ്ങളുടെ അമിതഭാരവും മൂലമാണ് ഈ കുഴികളുണ്ടാകുന്നത് എന്നാണ് അങ്ങ് പറഞ്ഞത്. കേരളത്തിൽ മാത്രമായി അമിതഭാരമുള്ള വാഹനങ്ങൾ നിർമ്മിക്കുന്നത് കമ്മ്യൂണിസ്റ്റ്

സംസ്ഥാനമായ കേരളത്തെ തകർക്കാനുള്ള അന്താരാഷ്ട്ര കമ്പനികളുടെ കുടിലനീക്കമാണോയെന്ന് സംശയിക്കേണ്ടിവരും. ഇവിടെ റോഡിലെ കുഴി അടയ്ക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്? കേരളവും കേന്ദ്രവും പരസ്പരം പഴിചാരി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കുഴിയിൽ വീണ് പാവപ്പെട്ട ജനങ്ങളുടെ നട്ടുവൊടിയുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. അങ്ങിവിടെ സൂചിപ്പിച്ചല്ലോ, എല്ലാം ശരിയാണെന്ന്. ഈ കഴിഞ്ഞ ആഴ്ചകളിലൊക്കെയായി നവമാധ്യമങ്ങളിലൂടെ വരുന്ന വാർത്തകൾ..., ഏഷ്യാനെറ്റിൽ ഒരു പരമ്പര തന്നെയുണ്ടായിരുന്നു 'വാ, കുഴിയെണ്ണാം' എന്ന്, മനോരമയിൽ വന്ന 'കുഴിയെത്ര', മാതൃഭൂമിയിൽ 'കുഴിയെണ്ണം അടച്ചാൽ മതി', ന്യൂസ് 18-ൽ വാർത്ത വന്നു....(ബഹളം)..

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് .. പ്ലീസ്...

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ദേശാഭിമാനി ഒഴികെയുള്ള എല്ലാ മാധ്യമങ്ങളിലൂടെയും വലിയ വാർത്തകളാണ് വന്നത്. നമ്മുടെ ജില്ലയിലെ മിക്ക റോഡുകളും തകർന്നിരിക്കുകയാണ്. 2021 നവംബർ മാസത്തിൽ കേരളത്തിലെ റോഡുകളെക്കുറിച്ച് ഹൈക്കോടതി വിമർശനം ഉന്നയിച്ചിരുന്നു.

പരിതാപകരവും വേദനാജനകവുമാണ് കേരളത്തിലെ റോഡുകളുടെ അവസ്ഥ എന്നാണ് പറഞ്ഞത്. എന്നാൽ കോടതിയുടെ വിമർശനങ്ങൾക്ക് പുല്ലുവിലപോലും നിങ്ങൾ കൽപ്പിച്ചില്ല. എന്താണ് നിങ്ങൾ പറഞ്ഞത്? മഴ കൂടുതലായതും വാട്ടർ അതോറിറ്റി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുംമൂലമാണ് കേരളത്തിലെ റോഡുകൾ ഉപയോഗശൂന്യമായത് എന്നല്ലേ? അതുമാത്രമാണോ, 2022 ജൂലൈ മാസം 8-ാം തീയതി കൊച്ചി നഗരത്തിലെ റോഡുകൾ തകർന്നതിൽ ഹൈക്കോടതി വീണ്ടും രൂക്ഷവിമർശനം ഉന്നയിച്ചു. 'പശവച്ച് ഒട്ടിച്ചാണോ റോഡുകൾ നന്നാക്കുന്നത്' എന്ന് ചോദിച്ചായിരുന്നു ഈ സർക്കാരിനെ പരിഹസിച്ചത്. കേരളത്തിലെ നടപ്പാതകൾ തകർന്നുകിടക്കുന്നതിലും രൂക്ഷവിമർശനം നടത്തി. ഹൈക്കോടതിയുടെ വിമർശനങ്ങൾ നിരന്തരമായി ഏറ്റുവാങ്ങിയിട്ടും നിങ്ങൾ നന്നാവുന്ന പ്രശ്നമില്ല, റോഡുകൾ നന്നാക്കില്ല എന്ന രീതിയിലാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്. ആ രീതിയിലാണ് സർക്കാർ പെരുമാറുന്നത്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും അഭാവംകൊണ്ടാണോ നമ്മുടെ നിരത്തുകളിലെ കുഴികൾ അടയ്ക്കാൻ സാധിക്കാതെ വരുന്നത്? ഉത്തരവാദിത്വമില്ല എന്നുള്ളതുകൊണ്ടാണ്,

സംവിധാനങ്ങളുടെ മേൽനോട്ടമില്ല എന്നുള്ളതുകൊണ്ടാണ്, വകുപ്പിന്റെ അനാസ്ഥകൊണ്ടാണ് ഈ കുഴികൾ പെരുകി മുന്നോട്ടുപോകുന്നത്. ഇന്ന് കേരളത്തിലെ റോഡുകളെ കുഴികൾ എന്നല്ല 'മുതലക്കുഴികൾ' എന്നുപറയേണ്ടിവരും. കുഴിയുണ്ടായാൽ ഉടൻ അടയ്ക്കാനുള്ള സംവിധാനമാണ് നമുക്ക് വേണ്ടത്. റോഡ് കുത്തിപ്പൊളിച്ചതിനുശേഷം നന്നാക്കാതെയിടുന്ന അവസ്ഥയാണ് കേരളത്തിൽ ഇന്ന് കണ്ടുവരുന്നത്. ദിനംപ്രതി ഈ റോഡുകളിലെ കുഴികൾ പെരുകുകയും വലുതാകുകയും ചെയ്യുന്ന ദുരവസ്ഥയാണുള്ളത്. ഈ കുഴികൾ ഒരുക്കുന്ന അപകടക്കെണിയിൽനിന്നും വാഹനയാത്രക്കാരുടെ കഷ്ടപ്പാടിൽനിന്നും നാടിന് മോചനം ആവശ്യമാണ്, അതിനുവേണ്ടിയുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. ദേശീയ പാതയാണെങ്കിലും പൊതുമരാമത്ത് പാതയാണെങ്കിലും റോഡിലെ കുഴിയിൽ അപകടത്തിൽപ്പെടാനുള്ളതല്ല നമ്മുടെയൊക്കെ ജീവിതമെന്ന് പരസ്പരം തർക്കിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. ആളെക്കൊല്ലി കുഴികൾ രാത്രിയിൽ സൃഷ്ടിക്കുന്ന അപകടം അങ്ങേയ്ക്ക് അറിയാമല്ലോ? ഇരുചക്രവാഹനങ്ങൾ കുഴിയിൽ വീണ് നിയന്ത്രണം വിടുന്ന സംഭവമുണ്ടാകുന്നു.

വലിയ വാഹനങ്ങൾ കുഴിയിൽ വീഴാതിരിക്കാൻ വേണ്ടി വെട്ടിക്കുന്ന ശ്രമത്തിനിടൽ പുറകിലും വശങ്ങളിലുമുള്ള വാഹനങ്ങളുമായി കൂട്ടിയിടിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ എത്രയെത്ര ആളുകളാണ് മരണപ്പെട്ടുപോകുന്നത്. മലപ്പുറത്ത് ചാപ്പനങ്ങാടി റോഡിൽ, ഒരു മിനി ലോറി വന്നിടിച്ച് അമ്പത്തിയഞ്ചുകാരനായ ഇബ്രാഹിം വലിയ കുഴിയിലെ ചെളിയിലേയ്ക്ക് വീണത് വേദനയോടയല്ലേ കേരളം കാണുന്നത്. തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിൽ ബൈക്കിടിച്ച് വിഷ്ണുവെന്ന ചെറുപ്പക്കാരൻ മരണപ്പെട്ടു. പാലത്തിനും റോഡിനുമിടയിൽ വലിയൊരു കുഴി. വെളുപ്പാൻകാലത്ത് ബൈക്കിൽ വന്ന വിഷ്ണു ആ കുഴിയിൽ വീണ് മരണപ്പെടുകയാണ്. ആരാണ് ഉത്തരവാദി? ഒരു അപായസൂചന ബോർഡുപോലും അവിടെ വച്ചിരുന്നില്ല എന്നത് പറയട്ടെ. എത്രയെത്ര മരണങ്ങളാണ് കേരളത്തിലുണ്ടാകുന്നത്. കൊച്ചിയിൽ വെള്ളക്കെട്ടിൽ വീണ് ഒരു വീട്ടമ്മയുടെ രണ്ടുകാലുകളും ഒടിഞ്ഞുപോയി. കൊച്ചി-മുളവുകാട് സ്വദേശിനി പ്രമീള പ്രകാശ് ഒരു കടയിൽനിന്നും വെള്ളം കുടിച്ചിട്ട് തിരിയുമ്പോഴാണ് കുഴിയിൽ വീണ് രണ്ടുകാലുകളും തകർന്നുപോയത്. സംസ്ഥാനത്തെ ഇത്തരം

നിരവധി കാര്യങ്ങൾ സൂചിപ്പിക്കാൻ കഴിയുമെങ്കിലും സമയത്തിന്റെ പരിമിതികൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ സംസ്ഥാനത്തിന്റെ മുഴുവൻ റോഡുകളും മോശപ്പെട്ട അവസ്ഥയിലേയ്ക്ക് മാറുകയാണ്. ചെറിയ ചെറിയ ഉദാഹരണങ്ങൾ പറയാം. തിരുവനന്തപുരത്തെ തിരുവല്ലം-കമലേശ്വരം റോഡ് മോശപ്പെട്ടു പോയില്ലേ? കോവളത്തേയ്ക്ക് ടൂറിസ്റ്റുകൾക്ക് പോകാൻ കഴിയുന്നുണ്ടോ? വെള്ളം വീണാൽ, മഴ പെയ്താൽ യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് അവിടെയുള്ളത്. സെക്രട്ടറിയേറ്റിനുമുമ്പിലുള്ള ജനറൽ ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന റോഡും കൊല്ലം ജില്ലയിലെ റോഡുകളും മലയോര റോഡുകളും ചിന്നക്കട റോഡും മോശപ്പെട്ടു. എല്ലാ റോഡുകളും മോശപ്പെട്ടുവെന്ന് ഇവിടെയിരിക്കുന്ന മുഴുവൻ അംഗങ്ങൾക്കുമറിയാം. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി അടിപ്പാത മോശപ്പെട്ടിട്ട് നാലുവർഷമായി. ആലപ്പുഴ ജില്ലയിലെ ദേശീയപാതയിലൂടെയൊന്ന് പോകണം. ചേർത്തലയിൽ, അരൂരിൽ പോകുമ്പോൾ ഓഫ് ഡ്രൈവ് ഫീലിംഗാണുണ്ടാകുന്നത്. കോട്ടയം-വെച്ചൂർ റോഡിനൊരു പ്രത്യേകതയുണ്ട്. കിഫ്ബിയൊരു പാലം നിർമ്മിക്കുന്നു. പാലം നിർമ്മിക്കുന്നതുകൊണ്ട് റോഡ് നന്നാക്കില്ലായെന്ന് കിഫ്ബിയും കിഫ്ബി

പാലം നിർമ്മിക്കുന്നതുകൊണ്ട് റോഡ് നന്നാക്കില്ലായെന്ന് പൊതുമരാമത്തും. ആ റോഡ് വളരെ മോശപ്പെട്ടിരിക്കുന്നു. എറണാകുളം ജില്ലയിലെ എല്ലാ റോഡുകളും മോശമാണ്. തൃപ്പൂണിത്തുറ-വൈക്കം റോഡ്, കുണ്ടന്നൂർ മേൽപ്പാലത്തിൽ മുഴുവൻ കുഴികളാണ്. ആലുവ-മൂന്നാർ റോഡ് നന്നാക്കുന്നതിനായി നാലഞ്ച് എം.എൽ.എ.-മാർ ഒരുമിച്ചുചേർന്ന് പരാതി നൽകി. ആലുവ-മൂന്നാർ റോഡിലൂടെ ബഹുമാനപ്പെട്ട മന്ത്രിയൊന്ന് യാത്ര ചെയ്യണം. മുമ്പിലൊരു അനൗൺസ്മെന്റ് വാഹനം കൂടി വയ്ക്കണം. ആളുകൾ എങ്ങനെ പെരുമാറുമെന്ന് കണ്ടറിയേണ്ടി വരും. ആലുവ-മൂന്നാർ റോഡ് എന്തായിയെന്ന് എന്റെ മണ്ഡലത്തിലെ നിരവധിയാളുകൾ എന്നെ വിളിച്ചുചോദിക്കും. ഞാൻ പറഞ്ഞുപറഞ്ഞ് മടുത്തു. ഒടുവിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പഠിച്ചിട്ട് 'ആലോചിക്കാം, പരിശോധിക്കാം' എന്നുപറഞ്ഞ് ഫോൺ കട്ടുചെയ്തു. ഇടുക്കി ജില്ലയിലെ റോഡുകളെല്ലാം മോശമായില്ലേ? തൊടുപുഴയിലും കാഞ്ഞിരമറ്റത്തും മൂലമറ്റത്തും എല്ലാ റോഡുകളുടെയും അവസ്ഥ മോശമാണ്. കോഴിക്കോട് ജില്ലയിലെ കല്ലാച്ചി-വളയം റോഡ് 2020-ൽ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. ഇനിയും

പൂർത്തീകരിച്ചില്ല. കരാറുകാരനെ സഹായിക്കുന്നു. കരാറുകാരന് സമയം നീട്ടിനീട്ടികൊടുക്കുന്നു. വയനാട് കൽപ്പറ്റയിലെ ബൈപാസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവിടം സന്ദർശിച്ചു. എന്നിട്ടും ഒരു രീതിയിലെ നടപടികളുമുണ്ടായില്ല. കോഴിക്കോട്-കണ്ണൂർ-ചാല ജംഗ്ഷൻ ബൈപ്പാസ് റോഡ്.. ഇങ്ങനെ ഒട്ടനവധി റോഡുകളുടെ കാര്യം പറയേണ്ടി വരും. ഇത് യാഥാർത്ഥ്യമാണ്. യാഥാർത്ഥ്യങ്ങൾ പറയുമ്പോൾ ഒച്ചയെടുത്തിട്ട് കാര്യമില്ല. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ ഇപ്പോഴുള്ള റോഡിന്റെ സ്ഥിതി മലയാളികൾക്കുതന്നെ അപമാനമാണ്. കുഴിയിൽ വീഴുമ്പോൾ ചികിത്സയ്ക്കും വാഹന റിപ്പയറിംഗിനുമായി കോടികളുടെ നഷ്ടമാണുണ്ടാകുന്നത്. ഒരു വാഹനം വാങ്ങുമ്പോൾ അതിന്റെ ലൈഫ് ടൈം ടാക്സ് അടയ്ക്കുകയാണ്. അപ്രകാരം ടാക്സ് അടയ്ക്കുന്ന ഒരാൾക്ക് ഈ റോഡിലൂടെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം വേണ്ടേ? റോഡുകൾ വേണ്ടേ? ഭരണഘടന നൽകുന്ന മൗലികതത്വങ്ങൾ പ്രകാരം സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം വേണ്ടേ? ഗവൺമെന്റ് റോഡ് സുരക്ഷാവാരം ആചരിക്കും. ത്വരിതഗതിയിൽ ബോധവൽക്കരണമുണ്ടാക്കും. പക്ഷേ, റോഡിന്റെ കാര്യം സർക്കാരിനുമാത്രം

ബോധമില്ലായെന്നതാണ് യഥാർത്ഥ വസ്തുത. റോഡുകളുടെ വികസനം വളരെ ആവശ്യമാണ്. ഈ രാജ്യത്ത് വികസനം വരണമെങ്കിൽ റോഡുകൾ വികസിക്കണം. സർഫസ് ട്രാൻസ്പോർട്ടിന് ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു റോളുണ്ട്. പക്ഷെ കെ-റെയിലിന് ഒരു റോളുമില്ല. സർഫസ് ട്രാൻസ്പോർട്ട് ശ്രുപപ്പെട്ടുവന്നാൽ മാത്രമേ സർക്കാരിന്റെ ഭാഗത്തുനിന്നും ഈ രീതിയിലുള്ള വികസനം സാദ്ധ്യമാക്കാൻ സാധിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, റോഡപകടങ്ങളിൽ നിരവധി ആളുകൾ മരണപ്പെട്ടുപോകുന്നു. കെ.എസ്.ആർ.ടി.സി. ആണ് റോഡപകടങ്ങളിൽ ഏറ്റവും മുന്നിൽനിൽക്കുന്നത്. സംസ്ഥാനത്തെ റോഡിലെ കുഴികളിൽ വീണ് വർഷം ശരാശരി 50 പേർ വരെ മരിക്കുന്നുണ്ട്. കേരളത്തിലെ റോഡിലെ കുഴികൾ മനുഷ്യരക്തം കുടിച്ച് വളരുമ്പോൾ പൊതുമരാമത്ത് വകുപ്പ് സാക്ഷാൽ കാലന്റെ ഉറ്റതോഴനായി മാറുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ സാഹചര്യത്തിൽ

ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി റോഡ് നിർമ്മിക്കണമെന്ന പ്രധാനപ്പെട്ട വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചില കാര്യങ്ങൾ സൂചിപ്പിച്ചു. അദ്ദേഹം നല്ല സിനിമകൾ കാണുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. മണിച്ചിത്രത്താഴ് പോലുള്ള സിനികൾ കാണുന്നതിന്റെ തിരക്കിനിടയിൽ സ്വന്തം ഫെയ്സ് ബുക്ക് പോസ്റ്റ് അദ്ദേഹമൊന്ന് എടുത്തുനോക്കുന്നത് നന്നാകുമെന്നത് പ്രത്യേകം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ഫെയ്സ് ബുക്ക് പോസ്റ്റുകളുണ്ട്. 2021 ഒക്ടോബർ മാസം 30, പെരുമ്പാവൂർ-കോതമംഗലം റോഡ് ബി.എം. ആൻഡ് ബി. സി. നിലവാരത്തിൽ നവീകരണത്തിനായി 12,24,00,000 രൂപ അനുവദിച്ചു. (....ബഹളം... )

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഞാൻ ഓരോന്നായി പറയുന്നില്ല. ഏതായാലും പഴയ സിനിമകളാണ് അദ്ദേഹം കാണുന്നത്. അതുപോലെ സിനിമ കാണുന്നതിന്റെ തിരക്കിനിടയിൽ പഴയ ഫെയ്സ് ബുക്ക് പോസ്റ്റുകളും കൂടി അദ്ദേഹമൊന്ന് നോക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പെരുമ്പാവൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് അദ്ദേഹം ചിലകാര്യങ്ങൾ സംസാരിച്ചു. തിരിച്ച് ഇടപെട്ടിട്ടുമുണ്ട്. ആ നിയോജകമണ്ഡലത്തിനുവേണ്ടി മാത്രം അനുവദിച്ച തുകയും റോഡും, 2021-22 ശബരിമല ഫെസ്റ്റിവലിന്റെ ഭാഗമായി ബി.എം.ആൻഡ് ബി.സി. ഓവർലേ, ശബരിമല ഇംപ്രൂവ്മെന്റ് ടു ആലുവ മൂന്നാർ റോഡ്, ബി.ഡബ്ല്യൂ.ഡി. ഇംപ്രൂവമെന്റ് ടു പെരുമ്പാവൂർ-കൂവപ്പടി റോഡ്... ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ് പതിനാറ് കോടി രൂപയാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിനുവേണ്ടി മാത്രം നിയോഗിച്ചിട്ടുള്ളത്. അദ്ദേഹം എന്നെ അഭിനന്ദിക്കാൻ വേണ്ടി സമയം കണ്ടെത്തുമെന്ന് ഞാൻ വിചാരിച്ചു. ഒരുകാര്യം ഉറപ്പാണ് അദ്ദേഹം പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിലൂടെ മന്ത്രിയെന്ന നിലയിൽ ഞാൻ പോകുമ്പോൾ ഒരു അനൗൺസ്മെന്റ് വണ്ടികൂടി മുന്നിലുള്ളത് നല്ലതാണ്.

പക്ഷേ, ഒരു മാലയുടെ പീടികകൂടി അവിടെ തുടങ്ങുന്നത് നല്ലതാണ്. ഈ സർക്കാരിന്റെ കഴുത്തിൽ മാലയിട്ട് അഭിനന്ദിക്കാൻ അവിടത്തെ ജനങ്ങൾ തയ്യാറാകും. അത്രയധികം പദ്ധതികളാണ് നടപ്പിലാക്കിയത്. പതിനാറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ റിവൈസ്ഡ് എ.എസ്. ലഭിച്ച വകർക്കുകളെക്കുറിച്ച് ഞാനിവിടെ വായിക്കുന്നില്ല. ഇത്രയും തുക അവിടെ അനുവദിച്ചിട്ടുണ്ട്. അദ്ദേഹം സർക്കാരിനെ അഭിനന്ദിക്കുമെന്ന് പ്രതീക്ഷിച്ചു. ആ മണ്ഡലത്തിൽ സന്ദർശനം നടത്തിയതിനുശേഷം... ഒരു കെ.ആർ.പി. റോഡുമായി ബന്ധപ്പെട്ടാണ് അദ്ദേഹം പറഞ്ഞത്. പട്ടിമറ്റം-നെല്ലാട് റോഡ്, മൂന്ന് സ്ട്രെച്ചായാണ് പ്രവൃത്തിയുണ്ടായിരുന്നത്. രണ്ട് സ്ട്രെച്ച് പ്രവൃത്തി കഴിഞ്ഞു. ബാക്കി ഒരു സ്ട്രെച്ചിന് ലാൻഡ് ലഭ്യമല്ല. അതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. ഈ സ്ട്രെച്ചിൽ അടിയന്തര അറ്റകുറ്റപ്രവൃത്തികൾക്കായി രണ്ടുകോടി രൂപ എ.എസ്. നൽകിയ കാര്യം ഇവിടെ പ്രത്യേകം സൂചിപ്പിക്കുകയാണ് എഫ്.ബി.ആർ. വർക്കിൽ കിഫ്ബിയോട് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞ വേറൊരു വിഷയം, എന്റെ ഇടതുഭാഗത്തിരിക്കുന്ന ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു റോഡുമായി ബന്ധപ്പെട്ട കാര്യമാണ് ഇവിടെ പരാമർശിച്ചത്. അദ്ദേഹം പറയാൻ എഴുന്നേറ്റ് നിന്നതാണ്. പിന്നെ അത് വേണ്ടാന്ന് വച്ചതാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ റോഡിന് ഏഴുകോടി രൂപ അനുവദിച്ച വിവരം അങ്ങേയ്ക്ക് വിവരം തന്നയാൾ മനസ്സിലാക്കണം എന്നത് ഞാനിവിടെ പറയുകയാണ്. അതിൽ തിരുവനന്തപുരം-കമലേശ്വരം റോഡ്, അവിടത്തെ എം.എൽ.എ. ഇവിടെയുണ്ട്. ആ റോഡിൽ കഴിഞ്ഞവർഷമുണ്ടായ കുഴികളെല്ലാം നികത്തി, അവിടെ ടൈലും പാകി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എന്നാൽ റോഡ് നിലനിർത്താൻ ശാശ്വതപരിഹാരമായ ഡ്രെയിനേജ് സിസ്റ്റത്തിന് പണമനുവദിക്കുമെന്ന് നേരത്തേ പ്രഖ്യാപിച്ച് ഏഴുകോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്. നേമത്തെ ജനപ്രതിനിധികൂടിയായ അദ്ദേഹത്തിനിത് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റുചില റോഡുകളുണ്ട്. കൽപ്പറ്റ-ബൈപ്പാസ് റോഡ്, അവിടത്തെ അംഗം ഇവിടെ ഇരിപ്പുണ്ട്. എത്രത്തോളം അതിന്

ശ്രമിച്ചുവെന്നുള്ളത് ഞാനിവിടെ പറയുന്നില്ല. വയനാട് ജില്ലയിലെ ബീനാച്ചി-പനമരം റോഡ്, എത്രതവണ അവിടം സന്ദർശിച്ചെന്നോ എത്രത്തോളം ഇടപെട്ടെന്നോ ഞാൻ പറയുന്നില്ല. ഇപ്രകാരം അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഓരോ മണ്ഡലത്തിലെയും റോഡുകളെക്കുറിച്ച് ഞാൻ എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് റിക്കോർഡ് പ്രവൃത്തി നടക്കുന്ന സമയമാണിതെന്ന് അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. പൊതുമരാമത്ത് നിരത്ത് വകുപ്പിനുകീഴിൽ മാത്രം 2752 കോടി രൂപയുടെ 767 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. പരിശോധിച്ചാൽ നിരത്തുവിഭാഗത്തിനു കീഴിൽ 760 കോടിരൂപയുടെ 117 പദ്ധതികൾ ടെണ്ടറിംഗ് സ്റ്റേജിലുമാണ്. കിഫ്ബി മുഖാന്തരം 5354 കോടി 14 ലക്ഷം രൂപയുടെ 125 പ്രവൃത്തികളും കെ.എസ്.ടി.പി. പദ്ധതി പ്രകാരം 5032 കോടി 74 ലക്ഷം രൂപയുടെ 38 പദ്ധതികളും പുരോഗമിക്കുകയാണ്. ഇത്രയും പദ്ധതികൾ ഒന്നിച്ച് നടക്കുന്നത് സർവ്വകാല റെക്കോർഡാണെന്നാണ് പൊതുവേ പറയപ്പെടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമല്ലേ ഇത്രയും റോഡ് പ്രവൃത്തി നടക്കുന്നതിന്

സംസ്ഥാനം സാക്ഷ്യവഹിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പും വകുപ്പുദ്യോഗസ്ഥരും കരാറുകാരും കഠിന പരിശ്രമം നടത്തുകയാണ്. എന്തെങ്കിലും പ്രതിസന്ധിയുണ്ടായാൽ ഉടനടി ഇടപെട്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. തടസ്സങ്ങൾ നീക്കി പ്രവൃത്തികൾ പൂർത്തീകരണത്തിലേയ്ക്കാണ് പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. പരമാവധി മണ്ഡലങ്ങളിൽ നേരിട്ടാണ് പോയിട്ടുള്ളത്. അദ്ദേഹത്തിന്റെ മണ്ഡലമുൾപ്പെടെ കേരളത്തിലെ 126 മണ്ഡലങ്ങളിലും നേരിട്ട് പോയി. പി.ഡബ്ല്യു.ഡി. പോലെയുള്ള വകുപ്പിനെ സംബന്ധിച്ചിടത്തോളം നേരിട്ട് പോകേണ്ടത് അനിവാര്യമാണ്. ഓരോ സ്ഥലത്തുംപോയതിന്റെ റിസൾട്ട് എന്റെ കയ്യിലുണ്ട്, സമയക്കുറവുമൂലം ഞാൻ അത് വായിക്കുന്നില്ല. അതിന് ഫോളോ അപ്പും തുടർച്ചയായി നടക്കുന്നുണ്ട്. ഇവിടെ നാല് മാസങ്ങൾകൊണ്ട് പദ്ധതികൾ പൂർത്തീകരിച്ചതിന്റെ കണക്ക് പരിശോധിക്കാം. ഭൂരിഭാഗം സീസണും മഴക്കാലം അപഹരിച്ചിട്ടും നാല് മാസംകൊണ്ട് നിരത്ത് വിഭാഗത്തിൽ മാത്രം 2175 കോടി രൂപയുടെ 330 പദ്ധതികൾ പൂർത്തീകരിക്കാനായി. ഒരു കാര്യം ഉറപ്പാണ്, ഇതിൽ

പ്രതിപക്ഷം-ഭരണകക്ഷിയെന്ന ഒരു വിവേചനവും കാണിക്കാത്ത നിലയിൽത്തന്നെയാണ് പോയിട്ടുള്ളത്. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ നടക്കുന്നുണ്ട്. ഇനിയും അങ്ങനെതന്നെയായിരിക്കും, അതിൽ ഒരു സംശയവുമില്ല. പക്ഷെ നമുക്ക് നമ്മുടേതായ രാഷ്ട്രീയ നിലപാടുണ്ടാകുമല്ലോ; രാഷ്ട്രീയ വിഷയങ്ങളിൽ രാഷ്ട്രീയ നിലപാട് തീർച്ചയായും പറയുമല്ലോ; അത് എല്ലാവർക്കും ഇഷ്ടപ്പെട്ടുകൊള്ളണമെന്നില്ല. രാഷ്ട്രീയ നിലപാടിൽ അയവുവരുത്തികൊണ്ടുള്ള നിലപാട് സ്വീകരിക്കുന്നവരല്ലല്ലോ നമ്മളെന്ന് അറിയുന്നതല്ലേ. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ലാത്ത നിലയിൽ ഇത്തരം കാര്യങ്ങൾ ചെയ്ത് പോകുന്നുണ്ട്. ഇവിടെ പ്രതിപക്ഷ ബഞ്ചിലെ പലരുടെയും മനസ്സ് ഈ പ്രമേയത്തിനോടൊപ്പമല്ലെന്ന് എനിക്കറിയാം. അവരൊക്കെ പി.ഡബ്ല്യു.ഡി. വകുപ്പിനും സർക്കാരിനും മനസ്സുകൊണ്ട് ഹസ്തദാനം നൽകുന്നത് ഞങ്ങൾ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യം വളരെ ശരിയാണ്. പകുതി റോഡെങ്കിലും ബി.എം. ആന്റ് ബി.സി.

നിലവാരത്തിലാക്കണമെന്നത് നിർബന്ധമാണ്. ഒരു സന്തോഷവിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അൻപത് ശതമാനത്തിലധികം നാല് വർഷത്തിനുള്ളിൽ ബി.എം. ആന്റ് ബി.സി. ആക്കിമാറ്റുമെന്നുള്ള വിവരം ഇവിടെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതിന് കഠിനശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ തവണ ഈ സഭയിലിരിക്കുമ്പോൾ പല അംഗങ്ങളുടെയും പരാതി കിഫ്ബി പദ്ധതികളുടെ കാലതാമസം സംബന്ധിച്ചായിരുന്നു. ഭൂമി ഏറ്റെടുക്കൽ വിഷയങ്ങൾമൂലം കിഫ്ബി പദ്ധതി തടസ്സപ്പെടുന്നതിനെക്കുറിച്ച് പലരും പരാതി ഉന്നയിച്ചു. ഇന്ന് അത്തരം പരാതികൾ കുറഞ്ഞുവെന്നത് ഈ സഭാസമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങൾ നോക്കിയാൽ നമുക്ക് കാണാം. അത്തരം റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തി. കിഫ്ബി പദ്ധതികളിലുൾപ്പെട്ട 131 റോഡുകളിൽ അറ്റകുറ്റപ്പണി സാധ്യമാക്കാൻ 34 കോടി 46 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ പ്രവൃത്തികൾ നടക്കുകയാണ്. പാച്ച്‌വർക്കിന് ഇത്രയും അധികം പണം കിഫ്ബി നേരത്തെ നൽകിയിട്ടുണ്ടോയെന്ന് ഈ സഭയിലെ അംഗങ്ങൾ നെഞ്ചത്ത് കൈവച്ച്

പരിശോധിക്കുന്നത് നല്ലതാണ്. ഇവിടെ പ്രീ-മൺസൂൺ വർക്കിനായി 96,49,000 രൂപയുടെ പ്രവൃത്തിയും കിഫ്ബി പദ്ധതിയുടെ ഭാഗമായി റോഡുകളിൽ നടത്തുകയുണ്ടായി. ഇത്തരത്തിൽ ആവശ്യമായ സ്ഥലമില്ലാതെ പ്രവൃത്തി തടസ്സപ്പെട്ട റോഡുകളിൽ Full Depth Reclamation (FDR) എന്ന സാങ്കേതിക വിദ്യയിലൂടെ നിർമ്മാണ പ്രവൃത്തി സാധ്യമാക്കുകയാണ്. 30 റോഡുകൾ ഇത്തരത്തിൽ പുനർനിർമ്മിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. 42 എണ്ണത്തിനുകൂടി FDR സാധ്യമാക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. ഓരോ വിഷയത്തിലും പരിഹാരം കണ്ട് മുന്നോട്ടുപോകാനാണ് വകുപ്പ് ശ്രമിക്കുന്നത്. ഇതേ നിലപാട് തന്നെയാണ് പരിപാലന വിഷയത്തിൽ സ്വീകരിക്കുന്നതും. ഈ സഭയിലാണ് Running Contract (RC) സംവിധാനം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചത്. പലരും ഇത് നടക്കുമോയെന്ന് ചോദിച്ചു. ഒരു വർഷത്തിനുള്ളിൽതന്നെ Running Contract സംവിധാനം സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി യാഥാർത്ഥ്യമായ കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു. RC-യുടെ ക്ലസ്റ്റർ ഒന്നിലൂടെ 138 പ്രവൃത്തികളും ക്ലസ്റ്റർ രണ്ടിലൂടെ 346 പ്രവൃത്തികളും നടപ്പിലാക്കുകയാണ്. ഇതുകൂടാതെ, 217 മഴക്കാലപൂർവ്വ

പ്രവൃത്തികളും സംസ്ഥാനത്ത് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. Running contract-ലൂടെ 12332 കി. മീറ്റർ റോഡുകളും പ്രീ-മൺസൂണിലൂടെ 9210 കി.മീറ്റർ റോഡുകളും പരിപാലിക്കപ്പെടുകയാണ്. കൂടാതെ, കരാറുകാരുടെ Defect Liability Period (DLP)-യുടെ ഭാഗമായി റോഡും പരിപാലിക്കപ്പെടുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ 29552 കി.മീറ്റർ റോഡുകളിൽ 25479 കി.മീറ്റർ റോഡുകളും പരിപാലിക്കപ്പെടുന്നുണ്ട്. ഏതൊക്കെ റോഡ് ആരൊക്കെയാണ് പരിപാലിക്കുന്നതെന്ന് തൊട്ടുകൊണ്ട് പറയാൻ സാധിക്കും. ബാക്കിയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുന്നോട്ടുപോകുകയാണ്. റോഡുകളുടെ ഏഴ് വർഷ പരിപാലന കാലാവധിയിൽ പരിപാലിക്കുന്നതിനുള്ള Output and Performance Based Running Contract (OPBRC) എന്ന പദ്ധതിയും നടപ്പിലാക്കുകയാണ്. മറ്റ് റോഡുകളിൽ ഏറെയും പ്രവൃത്തികൾ നടന്നുവരികയാണ്. മഴ വന്നാൽ റോഡുകളിലേയ്ക്ക് വെള്ളമെത്തുകയും റോഡ് തകരാറിലാകുകയും ചെയ്യുന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുന്ന കാര്യമാണ്. ഇത് പരിഹരിക്കാനാണ് ഇത്തവണ മൺസൂൺ കാലത്ത് കൺട്രോൾ റൂം പ്രത്യേകം ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്.

കൺട്രോൾ റൂമിൽ ലഭിച്ച 74 പരാതികളിൽ 54 എണ്ണത്തിന് പ്രതികൂല കാലാവസ്ഥയ്ക്കിടയിൽപ്പോലും താൽകാലികമായെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ടെക്നോളജി സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കി പി.ഡബ്ല്യു.ഡി. App പ്രവർത്തിക്കുന്നു. App-ൽ ലഭിച്ച 20661 പരാതികളിൽ ഈ വകുപ്പുമായി ബന്ധപ്പെട്ടതും മറ്റുപല വകുപ്പുകളുമായി ബന്ധപ്പെട്ടതുമടക്കം 14628 പരാതികൾ സോർട്ട് ചെയ്ത് പരിഹരിച്ചിട്ടുണ്ട്. സ്ഥിരം കൺട്രോൾ റൂം സംവിധാനത്തിലൂടെ ആറ് ജീവനക്കാർ രാവിലെ മുതൽ വൈകുന്നേരംവരെയിരുന്ന് അതിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. ബാക്കിയുള്ള പല പരാതികളും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. പരിപാലനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം; അതില്ലെന്ന് പറയുന്നില്ല. അത് പരിശോധിച്ച് പരിഹരിച്ച് പോകും. കുഴികൾ ഒന്നുംതന്നെയുണ്ടാകാതെ പരിഹരിച്ചുപോകും. അദ്ദേഹം ഇവിടെ പറഞ്ഞപ്പോൾ ഞാൻ അങ്ങനെയൊരു നിഷേധാത്മക നിലപാട് സ്വീകരിച്ചുവെന്ന് പറയുന്ന നിലയിലേയ്ക്ക് പോയി. അത് തെറ്റാണ്. ഞാൻ തുടക്കത്തിലും ഇപ്പോഴും പറയുന്നു, ബാക്കി കാര്യങ്ങൾ കൂട്ടായി പരിഹരിച്ച് പോകാവുന്നതാണ്. റോഡുകളുടെ പരിപാലനം

ഉറപ്പാക്കുമ്പോൾ അതിൽ പ്രധാനം വിവിധ വകുപ്പുകളുടെ ഏകോപനമാണ്. ഇതിന് പ്രത്യേക ശ്രദ്ധ നൽകി വ്യത്യസ്ത കുടിവെള്ള പദ്ധതികൾക്കായി 90 റോഡുകളിൽ വാട്ടർ അതോറിറ്റി പ്രവൃത്തി നടക്കുന്നുണ്ട്. അത് സമയബന്ധിതമായി തീർക്കാൻ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കും. അതിന് ഇനിയും മന്ത്രിതല ചർച്ച അനിവാര്യമാണെങ്കിൽ അത് നടത്തും. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൽ 170 കോടി 47 ലക്ഷം രൂപയുടെ 55 പ്രവൃത്തികൾക്ക് ജൂൺ മാസത്തിൽതന്നെ ഭരണാനുമതി നൽകി. ഇത് വളരെ വേഗത്തിലാണ്. ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഉൾപ്പെട്ട ചില മണ്ഡലങ്ങൾ ഇവിടെ വായിക്കാം. വർക്കിംഗ് കലണ്ടറിന്റെ കൂടി വിജയമാണത്. പെരുമ്പാവൂർ, പിറവം, ആലുവ, എറണാകുളം (3 പ്രവൃത്തി), അങ്കമാലി, പറവൂർ (3 പ്രവൃത്തി), പെരിന്തൽമണ്ണ, മലപ്പുറം, കൊണ്ടോട്ടി, കൽപ്പറ്റ, ഇരിക്കൂർ, പേരാവൂർ എന്നിവയാണ്. എങ്ങനെയാണ് പി.ഡബ്ല്യു.ഡി. വകുപ്പ് പൊതുവേ കാര്യങ്ങളെ സമീപിക്കുന്നതെന്ന് സൂചിപ്പിക്കാനാണ് ഞാൻ ഈ മണ്ഡലങ്ങളുടെ പേര് വായിച്ചത്. എനിക്ക് ഉറപ്പാണ്, ഇവിടെ ഇരിക്കുന്ന പ്രതിപക്ഷ ബഞ്ചിലെ ഭൂരിപക്ഷം എം.എൽ.എ.-മാരും വളരെ പോസിറ്റീവായ സമീപനമാണ് ഈ

വിഷയങ്ങളിൽ സ്വീകരിച്ചുവരുന്നത്. പൊതുവേ പരിശോധിച്ചാൽ പൊതുമരാമത്ത് വകുപ്പിന്റെ വഴിയേ പോകാത്ത സംഭവങ്ങളെ സംബന്ധിച്ചും ചില പ്രചരണങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാനത്ത് മൂന്ന് ലക്ഷം കി.മീറ്റർ റോഡുണ്ട്. അതിൽ 30,000 കി.മീറ്ററിനടുത്താണ് പി.ഡബ്ല്യു.ഡി. റോഡ്. പക്ഷെ പി.ഡബ്ല്യു.ഡി.-ക്ക് പുറത്തുള്ള 2,70,000 കി.മീറ്റർ റോഡുകളുടെ പ്രശ്നവും ഇങ്ങോട്ട് തട്ടുന്നത് ശരിയാണോയെന്ന് സ്വയം പരിശോധിക്കുന്നത് നല്ലതാണ്. ഇവിടെ കഴിഞ്ഞ ചോദ്യോത്തരത്തിന്റെ ഭാഗമായി ദേശീയപാതയുടെ കുഴിയുമായി ബന്ധപ്പെട്ട് വന്ന ചോദ്യത്തിന് വളരെ കൃത്യമായ ഉത്തരമാണ് നൽകിയത്. ആ നിലയിൽതന്നെ നൽകി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശങ്ങളെ ചിലർ സമീപിക്കുന്നത്..... ഹൈക്കോടതി പറഞ്ഞ മുഴുവൻ റോഡും പി.ഡബ്ല്യു.ഡി. റോഡല്ല. അതിൽ പറഞ്ഞിട്ടുള്ള ആറ് റോഡുകൾ മാത്രമാണ് പി.ഡബ്ല്യു.ഡി. റോഡ്. എന്നാൽ അതുൾപ്പെടെ പരിഹരിക്കാൻ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രവൃത്തി വിവിധഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. അടുത്ത വർഷം അതിൽ

ഒന്നുപോലുമുണ്ടാകാതിരിക്കാനുള്ള ശ്രമവും നടത്തുന്നുണ്ട്. കേരളത്തിലെ ദേശീയ പാതയുമായി ബന്ധപ്പെട്ട് നമ്മൾ ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നമ്മൾ കഴിഞ്ഞ വർഷം ഇതിൽ നന്നായി ഇടപെട്ടതാണ്. അങ്ങയുടെ ബഞ്ചിലുള്ള സീനിയർ നേതാക്കന്മാരോട് ചോദിച്ചാൽ മതി, അവർ ഉൾപ്പെടെ എങ്ങനെയാണ് കേന്ദ്ര സർക്കാരിനെ ഇതിൽ സമ്മർദ്ദത്തിലാക്കാൻ ഇടപെട്ടിട്ടുള്ളതെന്ന് മനസ്സിലാകും. ഇതിനായി നിരന്തരം ഇടപെടൽ നടത്തി. സി.ആർ.എഫ്. ഫണ്ട് ലഭിക്കാനും ഇടപെടൽ നടത്തുന്നുണ്ട്. നമുക്ക് അവകാശപ്പെട്ട ഈ പണം നേടിയെടുക്കാൻ കേരളം കേന്ദ്രത്തിൽ സമ്മർദം ചെലുത്തുന്നുണ്ട്. കേന്ദ്ര മന്ത്രിമാരിൽ വളരെ പോസിറ്റീവ് സമീപനമെടുക്കുന്നവരുണ്ട്. ശ്രീ. നിതിൻ ഗഡ്കരി വളരെ പോസിറ്റീവ് സമീപനമാണ് അതിലെടുക്കുന്നത്. കേന്ദ്ര മന്ത്രിമാർ കേരളത്തിൽ വരുന്നതിൽ ആരും എതിരായി ഒന്നും പറഞ്ഞിട്ടില്ല, പരസ്പര പോരുമുണ്ടായിട്ടില്ല. ന്യായമായ കാര്യം, കേന്ദ്ര മന്ത്രിമാരുടെ ഭാഗത്തെ വീഴ്ച ചൂണ്ടിക്കാണിച്ചപ്പോൾ രണ്ടും ഒരുപോലെയെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമത്തെ ലാഘവത്തോടെ കാണാൻ ബഹുമാനപ്പെട്ട അംഗം എടുത്തിട്ടുള്ള ശ്രമം ഏത് രാഷ്ട്രീയ

താൽപര്യത്തെ സംരക്ഷിക്കാനാണെന്ന് വളരെ വ്യക്തമാണ്. അതിൽ ആർക്കെങ്കിലും തർക്കമുണ്ടോ? ഇതുതന്നെയല്ലേ അന്ന് ഞാൻ പ്രസംഗിച്ച സമയത്ത്, പ്രകോപനമുണ്ടാകേണ്ട ഒരു പ്രശ്നവും ഇതിലില്ല. ഞാൻ പറഞ്ഞത് മുഴുവൻ വളരെ കൃത്യമായ കാര്യങ്ങളാണ്. എന്നാൽ കേരളത്തിലെ സർക്കാരിനെതിരെ ചിലർ തുടർച്ചായി അപവാദ പ്രചരണം നടത്തുന്നു. അത് ചൂണ്ടിക്കാട്ടണ്ടേ? ഇവിടെ നടത്തുന്ന പത്രസമ്മേളനങ്ങളിലൊന്നിൽപോലും കേരള സംസ്ഥാനത്തിന്റെ വികസനത്തെക്കുറിച്ച് ഒരക്ഷരവും പറയുന്നില്ല. ഈ സംസ്ഥാനത്തിന്റെ വികസനത്തെ തടയാനും ഈ സംസ്ഥാനത്തെ ആക്ഷേപിക്കാനും വേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇത് തുറന്ന് കാട്ടപ്പെടേണ്ട പ്രശ്നമല്ലേ. രണ്ടും കണക്കാണെന്ന് പറയുന്നത് എത്രത്തോളം ശരിയാണ്. കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമായി തന്നെയാണ് ഇവിടെ കേന്ദ്ര മന്ത്രിമാർ വന്നതെന്ന് പരിശോധിച്ചാൽ കാണാം. ആ രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമായിതന്നെ അവർ വന്നുപോയി. കുതിരാൻ തുരങ്കത്തിന്റെ പ്രശ്നം പറഞ്ഞു, എന്ത് നിലപാടാണ് അതിൽ സ്വീകരിച്ചത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ പാതയാണ് കുതിരാൻ തുരങ്കം. മന്ത്രി

ശ്രീ. കെ. രാജന്റെ മണ്ഡലത്തിലൂടെ പോകുന്ന എൻ.എച്ച്. 544 ആണ്. 2021 മേയ് 20-ന് ചുമതല ഏറ്റെടുത്തപ്പോൾ പാലക്കാട്-തൃശ്ശൂർ റൂട്ട് പ്രധാന പ്രശ്നമായി കണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത് 2021 ജൂൺ 8-ന് അതിനായി ഒരു യോഗം ചേർന്നു. ആഗസ്റ്റ് 1-ന് ഒരു ഇടതുവശ തുരങ്ക നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ തീരുമാനിച്ചു. പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്ന നിലയിൽ മൂന്നുപ്രാവശ്യം നേരിട്ടുപോയി പ്രവൃത്തികൾ വിലയിരുത്തി നിരവധി യോഗങ്ങൾ വിളിച്ചു. ആ രണ്ട് ജില്ലയിലെയും എം.എൽ.എ.-മാരും മന്ത്രിമാരും എം.പി.-മാരുമെല്ലാം ഒരു ടീമായി പ്രവർത്തിച്ച് ജൂലൈ 31-നുതന്നെ ആ തുരങ്കം തുറന്നുവെന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. എന്നാൽ ജൂലൈ 31-ന് ഉച്ചയ്ക്ക് ദേശീയപാത അധികൃതരോട് നിങ്ങൾ നേരിട്ട് തുറക്കണം, മറ്റാരോടും പറയണ്ട എന്ന നിലപാട് കേന്ദ്രം സ്വീകരിച്ചു. പിന്നീട് അക്കാര്യം കേന്ദ്ര മന്ത്രി പരസ്യമായി പറഞ്ഞു. അതുസംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയും ഞാനും മുഖ്യമന്ത്രിയുമായി ചർച്ച നടത്തി അതിനോട് സഹകരിക്കാനാണ് തീരുമാനമെടുത്തത്. തുരങ്കം തുറക്കുമ്പോൾ ഞങ്ങൾ ഉണ്ടാകരുതെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്.

അത്തരമൊരു തെറ്റായ നിലപാട് കേന്ദ്ര മന്ത്രി സ്വീകരിച്ചപ്പോൾ അതിനെതിരെ ഒരു വാക്ക് ശബ്ദിക്കാൻ കേരളത്തിലെ പ്രതിപക്ഷ നേതാവുൾപ്പെടെ തയ്യാറായിട്ടുണ്ടോ; കേന്ദ്രമന്ത്രിമാർക്കെതിരെ സംസാരിക്കാൻ തയ്യാറായിട്ടില്ലെന്നത് ചൂണ്ടിക്കാണിക്കേണ്ട പ്രശ്നമല്ലേ; അതുസംബന്ധിച്ച് പറഞ്ഞപ്പോൾ തമ്മിൽ തല്ലാണെന്ന് പറയുന്നത് എന്തിനാണ്; മുമ്പ് അമേഠിൽ വന്ന കേന്ദ്രമന്ത്രിതന്നെ വയനാട്ടിൽ വന്നപ്പോൾ നിങ്ങൾ 'ക മ' എന്നൊരക്ഷരം മിണ്ടിയില്ലല്ലോ; കോഴിക്കോട് ഒരു കേന്ദ്രമന്ത്രി വന്നപ്പോൾ ഇഷ്ടമാധ്യമങ്ങളെ മാത്രം വിളിച്ച് ഒരു യോഗം ചേർന്നു. അവിടെയും നിങ്ങൾ എന്തെങ്കിലും പറഞ്ഞോ; തിരുവനന്തപുരത്ത് വന്നപ്പോഴും എന്തെങ്കിലും പറഞ്ഞോ; എന്തുകൊണ്ടാണ് നിങ്ങൾ അതിനെക്കുറിച്ച് മിണ്ടാത്തത്; നിങ്ങൾ ബി.ജെ.പി. കേന്ദ്രമന്ത്രിമാരുടെ വരവിന്റെ രാഷ്ട്രീയം തിരിച്ചറിയാത്ത പ്രശ്നമില്ലല്ലോ; അമ്മയുടെ ഒക്കത്ത് ഇരിക്കുകയും വേണം അച്ഛനോടൊപ്പം നടക്കുകയും വേണം എന്നുപറഞ്ഞാൽ എത്രത്തോളം ശരിയാകും; കോൺഗ്രസ് പാർട്ടിയിൽ നിൽക്കുകയും കേരളത്തിലെ ഇടതുപക്ഷത്തെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി ബി.ജെ.പി.-യുടെ രാഷ്ട്രീയത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നത് എന്ത്

നിലപാടാണ്; ഇത് പൊതുവേ ചൂണ്ടിക്കാട്ടിയതല്ലേ ഇതിലെ പ്രശ്നം. ഇവിടെ ബി.ജെ.പി. ഉയർത്തുന്ന അപകടകരമായ രാഷ്ട്രീയത്തിന്റെ പ്രാധാന്യവും ഫെഡറിലിസത്തിനുള്ള വെല്ലുവിളിയും ഉൾപ്പെടെ ചൂണ്ടിക്കാട്ടി മുന്നോട്ടുപോകുകയാണ്. അത് ഇനിയും ഞങ്ങൾ ചൂണ്ടിക്കാട്ടി മുന്നോട്ടുപോകും. അതുകൊണ്ട് ബി.ജെ.പി.-യോടും കേന്ദ്രഗവൺമെന്റ് എടുക്കുന്ന തെറ്റായ നിലപാടിനോടും ഞങ്ങൾ സമീപനം സ്വീകരിക്കുമ്പോൾ അടിയന്തരപ്രമേയമല്ല, ഞങ്ങളുടെ അടിയന്തരം നടത്തിയാലും ഞങ്ങൾ ബി.ജെ.പി.-ക്കെതിരായ പോരാട്ടം തുടർന്ന് മുന്നോട്ടുപോകുമെന്നതിൽ സംശയമില്ല. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോൾ പോയതുപോലെ എല്ലാവരും യോജിച്ചുകൊണ്ട് ഒരു ടീമായി പോകാൻ തയ്യാറാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു വിഷയം സഭയിൽ ഉന്നയിക്കുന്നത് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് ആ വിഷയത്തിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയാണ്. വിഷയം ചർച്ച ചെയ്യുമ്പോൾ അതൊരു സംവാദമാകും. അതെല്ലേ നിയമസഭയിൽ നടക്കുന്നത്. ഇവിടത്തെ വിഷയം എൻ.എച്ച്.-ലെയും പി.ഡബ്ല്യു.ഡി. റോഡിലെയും വർദ്ധിച്ചുവരുന്ന കുഴികൾ ധാരാളം അപകടങ്ങൾ ഉണ്ടാക്കുന്നുവെന്നതുമായി ബന്ധപ്പെട്ടതാണ്. ........ (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിയമസഭയിൽ നൽകിയ മറുപടിയിൽ വലിയ തോതിലുള്ള അപകടങ്ങൾ റോഡിൽ വർദ്ധിക്കുന്നുവെന്ന് സൂചിപ്പിച്ചു. നമ്മളും നമ്മുടെ കുടുംബാംഗങ്ങളും വേണ്ടപ്പെട്ടവരുമെല്ലാം റോഡുകളിലൂടെ യാത്ര ചെയ്യുന്നവരാണ്. എത്രയോ അപകടങ്ങളാണ് നിരന്തരമായി ഉണ്ടാകുന്നത്. റോഡുകളിൽ കുഴികൾ വർദ്ധിക്കുമ്പോൾ, പ്രത്യേകിച്ച് മഴക്കാലത്ത് അപകടങ്ങൾ വർദ്ധിക്കും.

ഇപ്പോഴിവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ തൃശ്ശൂർ തളിക്കുളം ദേശീയപാതയിൽ ശനിയാഴ്ച ബൈക്ക് യാത്രകാരനായ സാനു അപകടത്തിൽപ്പെട്ടു. ഇന്ന് അദ്ദേഹം മരിച്ചുവെന്ന വാർത്ത ടി.വി.-യിൽ വരികയുണ്ടായി. നമ്മുടെ നിയോജകമണ്ഡലങ്ങളിലെ പ്രദേശങ്ങളിലെ റോഡുകളിലെല്ലാം കുഴികളുണ്ടാകുകയും കൂടുതൽ അപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ആ കുഴികൾ നികത്താൻ വേണ്ടിയുള്ള സമയബന്ധിതമായ സംവിധാനങ്ങൾ ഉണ്ടാക്കണമെന്നതിനെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി നോട്ടീസ് നൽകിയപ്പോൾ ഞങ്ങൾക്ക് ബി.ജെ.പി.-യുമായി ചേർന്ന്......... ഏതെല്ലാം വിഷയങ്ങളിലേയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രി കാട് കയറിപോയത്; എങ്ങോട്ടാണ് കാട് കയറി പോയത്; ഇങ്ങനെയാണോ നിയമസഭയിൽ അടിയന്തരപ്രമേയത്തിന് മറുപടി പറയേണ്ടത്; അനാവശ്യമായ രാഷ്ട്രീയം കലർത്തി ബഹുമാനപ്പെട്ട മന്ത്രി എങ്ങോട്ടാണ് മറുപടി പറഞ്ഞ് പോയത്; ഞങ്ങൾ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. എല്ലാ ദിവസവും മാധ്യമങ്ങളിലൂടെ

വാർത്തകൾ വരികയാണ്. അതിന് പരിഹാരം കാണേണ്ടതല്ലേ; ഞങ്ങളുടെ ജോലിയെന്ന് പറയുന്നത് ഇത്തരം വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരികയെന്നതാണ്. കഴിഞ്ഞ വർഷം ജൂലൈമാസത്തെ കുഴികളെക്കാൾ ഈ വർഷം ജൂലൈയിലെ കുഴികളുടെ എണ്ണം കുറവാണെന്ന് അങ്ങ് ഇപ്പോൾ വലിയൊരു സ്റ്റേറ്റ്മെന്റ് നടത്തി. ഞാൻ കഴിഞ്ഞ വർഷം ജൂലൈമാസത്തിലെ കുഴികളും ഈ വർഷം ജൂലൈമാസത്തിലെ കുഴികളും എണ്ണി നോക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എന്റെ ചോദ്യം, 2021 ജൂലൈ മാസത്തിൽ കേരളത്തിലെ റോഡുകളിൽ എത്ര കുഴികളുണ്ടായിരുന്നുവെന്നും 2022-ൽ എത്ര കുഴികളുണ്ടെന്നും അങ്ങേയ്ക്ക് അറിയാമോ? കഴിഞ്ഞവർഷത്തെക്കാൾ ഈ വർഷം കുഴികളുടെ എണ്ണത്തിൽ കുറവുണ്ടെന്നാണ് അങ്ങ് ഇവിടെ പ്രസ്താവന നടത്തിയത്. (ബഹളം).... ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് സമയം സംസാരിച്ചപ്പോൾ ഞങ്ങളാരും ബഹളമുണ്ടാക്കിയില്ല. ഇവിടത്തെ പ്രശ്നം, ഒരു നിയമസഭാംഗം റോഡിൽ കുഴികളുണ്ട് അവ നികത്തണമെന്ന് പറയുമ്പോൾ അയാളുടെ മണ്ഡലത്തിൽ അനുവദിച്ച പി.ഡബ്ല്യു.ഡി. വർക്കുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്

പരിഹസിക്കുന്നത്. ഇത് നിങ്ങളാരെങ്കിലും നൽകുന്ന ഔദാര്യമാണോയെന്ന് ഞാൻ കഴിഞ്ഞ ദിവസം ചോദിച്ചു. ഏത് നികുതി പണത്തിൽനിന്നാണ് ഇതിനുള്ള പണം അനുവദിക്കുന്നത്. ജനങ്ങളുടെ നികുതിപ്പണമാണ്. പെരുമ്പാവൂരിലെയും ബേപ്പൂരിലെയും പറവൂരിലെയും ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചാണ് അതിനുള്ള പണം കൊടുക്കുന്നത്. നമ്മളാരും വീട്ടിൽനിന്നും കൊണ്ടുവരുന്ന കാശ് കൊടുത്തല്ലല്ലോ; നമ്മുടെ തറവാട്ടിലെ സ്ഥലം വിറ്റ കാശുകൊണ്ടൊന്നുമല്ലല്ലോ പെരുമ്പാവൂരിലെ റോഡിനായി 12 കോടി രൂപ അനുവദിച്ചത്; റോഡുകളിൽ കുഴികളുണ്ടെന്ന് പറഞ്ഞപ്പോൾ അവിടെയുള്ള റോഡിന് പണം അനുവദിച്ചതിന് എന്ത് മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്; ഇങ്ങനെയാണോ മറുപടി പറയേണ്ടത്; ഇതിൽ അപകടകരമായ ഒരു സ്ഥിതിവിശേഷമുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, റോഡുകൾ പുന:സ്ഥാപിച്ചതിനുശേഷം ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നുണ്ടല്ലോ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബോർഡ് സ്ഥാപിക്കും. എം.എൽ.എ.-മാർ പരാതി പറയുമ്പോൾ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. അത് ആരുടെയെങ്കിലും

ഔദാര്യമാണോ; ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിൽ ഇതുസംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കാറില്ലേ; ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെ നിരന്തരം ശല്യപ്പെടുത്തുന്നത് ശരിയല്ല..........(ബഹളം).......ഞാൻ പറയാനുള്ള കാര്യങ്ങൾ പറഞ്ഞതിനുശേഷമേ പോകൂ.........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്......ദയവായി അംഗങ്ങൾ ഇരിക്കൂ.... ഇരിക്കൂ............

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഞാൻ അവിടെ പോകുന്നതിന് മുമ്പിൽ ഒരു മൈക്ക് അനൗൺസ്മെന്റ് വേണം എന്നാണ്. നമ്മൾതന്നെ നമ്മളെ പൂമാലയിടുകയും നമ്മൾതന്നെ നമുക്ക് ഷേക്ക് ഹാന്റ് നൽകുകയുമാണ് ചെയ്യുന്നത്. അതൊന്നും വേണ്ട.......(ബഹളം)... റോഡുകൾ തകരാൻ കാരണമെന്താണ്; അങ്ങ് ഇവിടെ പറഞ്ഞത് മുഴുവൻ പി.ഡബ്ല്യൂ.ഡി.-യിൽ അനുവദിച്ച പണത്തിന്റെ കാര്യവും പുതിയ

റോഡിനെപ്പറ്റിയുമാണ്. അതല്ല ഇവിടത്തെ വിഷയം. ഇവിടത്തെ വിഷയം മാരുതി കാറിൽ കുതിരയെ കൊണ്ടുവരുന്നതുപോലെയല്ല.....(ബഹളം).... അങ്ങ് വിഷയത്തിലേയ്ക്ക് വരണം. ഞങ്ങൾ ഈ കാര്യങ്ങൾ പരിശോധിച്ചതാണ്. ഞാൻ കഴിഞ്ഞ 21 വർഷമായി എന്റെ നിയോജകമണ്ഡലത്തിൽ വളരെ ശ്രദ്ധയോടെ ചെയ്യുന്ന കാര്യമാണിത്. കഴിഞ്ഞ പ്രാവശ്യത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതെന്താണെന്ന് അങ്ങേയ്ക്ക് അറിയാം. കേരളത്തിൽ ഏറ്റവും നന്നായി റോഡുകൾ മെയിന്റയിൻ ചെയ്യുന്ന മണ്ഡലം പരവൂരാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ റോഡുകൾ നന്നായി ശ്രദ്ധിക്കുന്ന ആളാണ്. എല്ലാ കാര്യങ്ങളും അങ്ങയോട് സംസാരിക്കുന്ന ആളുകൂടിയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പറവൂരിൽ അങ്ങയുടെ മികവുകൊണ്ടാണെങ്കിൽ പെരുമ്പാവൂരിൽ അദ്ദേഹത്തിന്റെ പോരായ്മകൊണ്ടാണോ റോഡിൽ കുഴികളുണ്ടാകുന്നത്. കേരളത്തിലെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നത്. മുമ്പ് ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. വസ്തുതാവിരുദ്ധമായി സംസാരിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, പറവൂരിൽ മോശമെന്നല്ല ഞാൻ പറഞ്ഞത്. ഞാൻ വർഷങ്ങളായി ശ്രദ്ധിക്കുന്ന കാര്യമാണത്. ഈ വർഷം എന്താണ് കുഴപ്പമുണ്ടായതെന്നത് സംബന്ധിച്ചാണ് ഞാൻ പറയാൻ പോകുന്നത്. അല്ലാതെ പെരുമ്പാവൂർ മോശമാണെന്നോ പറവൂർ നല്ലതാണെന്നോ അല്ല ഞാൻ പറയുന്നത്. ഞാൻ 21 വർഷമായില്ലേ, ഇക്കാര്യം വളരെയധികം ശ്രദ്ധിക്കുന്ന ഒരാളായതുകൊണ്ടാണ് പറഞ്ഞത്. അതിൽ ഇപ്രാവശ്യം എന്താണ് സംഭവിച്ചതെന്ന് അങ്ങ് മനസ്സിലാക്കണം. റോഡുകളുടെ മെയിന്റനൻസാണ് വിഷയം. അല്ലാതെ പി.ഡബ്ല്യു.ഡി.-ക്ക് റോഡ് അനുവദിക്കുന്നതല്ല. റോഡുകൾക്കായി 50 കോടി രൂപ, 100 കോടി രൂപ, 2,000 കോടി രൂപ അനുവദിച്ചു എന്നതല്ല വിഷയം. എന്തുകൊണ്ടാണ് റോഡുകൾ തകർന്നുകിടക്കുന്നുവെന്ന് അങ്ങ് ശ്രദ്ധിക്കണം. മെയിന്റനൻസ് പ്രവൃത്തിക്ക് തുക അനുവദിക്കാൻ വൈകിയതുകൊണ്ട് ടെണ്ടർ നടപടികളും വൈകി. മഴ ആരംഭിച്ചുകഴിഞ്ഞതിനുശേഷമാണ് പാച്ച് വർക്കുകൾ തുടങ്ങിയത്. മഴ ആരംഭിച്ചതിനുശേഷം പാച്ച് വർക്കുകൾ തുടങ്ങിയാൽ പാച്ച് വർക്കുകൾ പൊളിഞ്ഞുപോകും. എന്തുകൊണ്ടാണ് മെയിന്റനൻസിന് പണം അനുവദിക്കാനും

ടെണ്ടർ നടപടികൾ നടത്താനും വൈകിയത്? ഇതിനുകാരണം ഒരു തർക്കമുണ്ടായി എന്നതാണ്. പി.ഡബ്ല്യു.ഡി.-യിൽ പുതിയൊരു മെയിന്റനൻസ് വിംഗ് ഉണ്ടാക്കി. ആ മെയിന്റനൻസ് വിംഗും പി.ഡബ്ല്യു.ഡി. റോഡ്സും തമ്മിലുള്ള തർക്കമാണ് പ്രവൃത്തികൾ വൈകിയതിന് കാരണം. സാധാരണയായി ഒരു പുതിയ പ്രവൃത്തി ചെയ്താൽ മൂന്ന് വർഷത്തേയ്ക്ക് ഗ്യാരന്റിയുണ്ടാകും. അതുവരെ പി.ഡബ്ല്യു.ഡി. റോഡിന്റെ കൈയിലാണ് അതിന്റെ വർക്കുകളുടെ ഗ്യാരന്റി. അവിടെ ഒരു പാച്ച് വർക്കും മൂന്നു വർഷത്തേയ്ക്ക് അനുവദിക്കില്ല. പുതിയ മെയിന്റനൻസ് വിംഗ് വന്നപ്പോൾ പുതിയതായി വർക്ക് ചെയ്ത, മൂന്നുവർഷം കഴിഞ്ഞ റോഡുകൾക്ക് ഒരു വർഷം ഗ്യാരന്റിയോടുകൂടിയുള്ള മെയിന്റനൻസ് വർക്ക് അവരും ഏറ്റെടുക്കുന്നില്ല. ഇതിന്റെ വർക്കുകൾ ആരാണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് തർക്കമുണ്ടായി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മെയിന്റനൻസ് വിഭാഗം എന്ന പുതിയൊരു വിംഗ് ഉണ്ടാക്കിയിരിക്കുന്നു. അവർ എന്ത് പ്രവൃത്തിയാണ് ചെയ്യുന്നത്; റോഡുകളിലാണ് വർക്കുകൾ മുഴുവനുമുള്ളത്. പുതിയ മെയിന്റനൻസ് വിഭാഗവും പി.ഡബ്ല്യു.ഡി. (റോഡ്സ്)-യും തമ്മിലുള്ള തർക്കം കാരണമാണ് മെയിന്റനൻസിന് പണം

അനുവദിക്കാനും ടെണ്ടർ നടപടികൾ പൂർത്തിയാക്കാനും പാച്ച് വർക്കുകൾ നടത്താനും ഈ വർഷം വൈകിയത്. മുമ്പ് പാച്ച് വർക്കിനുള്ള ടാറിന്റെ സപ്ലൈ വകുപ്പിന് ഉണ്ടായിരുന്നു. അതിപ്പോൾ സർക്കാർ നിർത്തലാക്കി. കരാറുകാരൻതന്നെ കൊണ്ടുവരണം.

രണ്ടാമത്, കുഴിയടക്കാൻവേണ്ടി സർക്കാർ ഷെൽമാക്ക് കൊടുത്തിരുന്നു. മഴയില്ലാത്ത സമയങ്ങളിൽ വെളുപ്പിന് രാവിലെ പോയി അവർ കുഴിയടയ്ക്കും. അതിന്റെ സപ്ലൈയും ഇപ്പോൾ ഡിപ്പാർട്ടുമെന്റ് നിർത്തിയിരിക്കുന്നു. അതെല്ലാം ഇപ്പോൾ കരാറുകാർ കൊണ്ടുവരണം; അവരതൊന്നും ചെയ്യില്ല. കേന്ദ്രമാണ് എൻ.എച്ച്. റോഡുകൾ നന്നാക്കാൻവേണ്ടി ഫണ്ട് നൽകുന്നതെങ്കിലും അതിന്റെ പ്രവർത്തനങ്ങളുടെ എല്ലാ ചുമതലകളുമുള്ളത് നമ്മുടെ പി.ഡബ്ല്യൂ.ഡി.-യുടെ കീഴിലുള്ള എൻ.എച്ച്.-ലെ ഉദ്യോഗസ്ഥർക്കല്ലേ; അതിന്റെ സൂപ്പർവിഷനും ക്വാളിറ്റിയുമൊക്കെ പരിശോധിക്കുന്നത് അവിടെയാണ്. എൻ.എച്ച്. ഇപ്പോൾ എന്താണ് ചെയ്യുന്നത്? പുതിയ എൻ.എച്ച്. നിർമ്മാണത്തിന് വന്നപ്പോൾ ഇപ്പോൾ പ്രവൃത്തി നടത്തിക്കൊണ്ടിരുന്ന റോഡിനെ എൻ.എച്ച്. നാഷണൽ ഹൈവേ അതോറിറ്റിയിലേയ്ക്ക് മാറി. നാഷണൽ ഹൈവേ അതോറിറ്റി പുതിയ

വർക്ക് നടത്തുമ്പോൾ പഴയ വർക്കിന്റെ പാച്ച് വർക്കിനുള്ള ഫണ്ട് അവർ തരുന്നില്ല. അവർ പറയുന്നത്, ഈ റോഡ് പൂർത്തിയാകട്ടെ എന്നാണ്; എൻ.എച്ച്.എ.ഐ. പറയുന്നത് തെറ്റായ കാര്യമാണ്. പുതിയ റോഡ് പണിയുന്നതിന് മൂന്നോ നാലോ അഞ്ചോ വർഷമെടുക്കും. അതുവരെ നിലവിലുള്ള റോഡിന്റെ മെയിന്റനൻസ് നടത്താൻ അവർ ഫണ്ട് തരുന്നില്ല. അത് കേന്ദ്രഗവൺമെന്റിന്റെയും  നാഷണൽ ഹൈവേ അതോറിറ്റിയുടെയും ഭാഗത്തുനിന്നുള്ള തെറ്റായ നടപടിയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത്, ആ പ്രശ്നം പരിഹരിച്ച്, നിലവിൽ അവർ ഏറ്റെടുത്തിരിക്കുന്ന റോഡിൽ മെയിന്റനൻസ് നടത്താനുള്ള നടപടി സ്വീകരിക്കണം. ഞങ്ങൾ ആ കാര്യത്തിലൊക്കെ ഉറപ്പായും അതിന്റെ കൂടെ നിൽക്കും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഈ കഴിഞ്ഞ സർക്കാരിന്റെ കാലത്തും എൻ.എച്ച്.-ലേയ്ക്ക് പാച്ച് വർക്ക് നടത്താൻ സംസ്ഥാനത്തിന്റെ ഫണ്ട് കൊടുക്കുമായിരുന്നു. ഇപ്രാവശ്യം സ്റ്റേറ്റ് ഫണ്ട് കൊടുത്തിട്ടില്ല. ഇതെല്ലാം പല ഘടകങ്ങളാണ്. മെയിന്റനൻസ് നടക്കാതെപോയി എന്നതാണ് പ്രശ്നം. അതുകൊണ്ടാണ് കുഴികളുടെ എണ്ണം

വർദ്ധിച്ചത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അത് ശരിയാണ്. എൻ.എച്ച്.എ.ഐ.-യുടെ ഹാന്റ്ഓവർ നടന്നത് 2020-ലാണ്. അന്നുമുതൽ മെയിന്റനൻസിന് ഫണ്ട് അനുവദിച്ചിട്ടില്ല. രണ്ടാമതായി അങ്ങ് സൂചിപ്പിച്ച, എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട് മെയിന്റനൻസ് ഫണ്ട് വാങ്ങിയെടുക്കുന്നതിൽ ഒരുമിച്ചുനിൽക്കാമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതിൽ ഒരു സംശയവുമില്ല, പക്ഷേ അതിലൊരു പ്രശ്നം, ഇപ്പോൾ ടാറിന്റെ സപ്ലൈ ഇല്ല, അത് ഡിപ്പാർട്ടുമെന്റ് നിർത്തി എന്നുള്ളതാണ്. ടാർ സപ്ലൈ നിർത്തിയത് ഇപ്പോഴല്ല, അത് കുറച്ചുനാളുകളായി. ഇപ്പോൾ പെട്ടെന്നുവന്ന ഒരു പ്രശ്നം, അതിന്റെ ഭാഗമായുള്ള വിഷയമെന്ന് തോന്നുന്നനിലയിലുള്ള ധ്വനിയിൽ പറയുന്നത് ശരിയല്ല. ഞാൻ പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയാണ്. എന്റെ അറിവിൽ പി.ഡബ്ല്യൂ.ഡി. മെയിന്റനൻസും റോഡ്സും തമ്മിൽ ഒരു വിഷയമുള്ളത് അറിഞ്ഞിട്ടില്ല. അങ്ങ് അങ്ങനെ പറഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം

അങ്ങ് ഉൾപ്പെടെ നമ്മുടെ സഭയാകെ ചർച്ച ചെയ്ത പ്രശ്നമാണ്. പരിപാലന കാലാവധി കഴിഞ്ഞാൽ പുതിയ സംവിധാനം എന്താണ്; നമ്മളെല്ലാവരും ഒരുപോലെ ചർച്ച ചെയ്തതാണ്. ആ പുതിയ സംവിധാനത്തെ അപ്പോൾ കണ്ടാൽമതിയോ; നേരത്തെ കാണണ്ടേ; ആ ചർച്ചയുടെ ഭാഗമായാണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി പരിപാലന കാലാവധികഴിഞ്ഞാൽ തൊട്ടടുത്ത ദിവസം മുതൽ എന്തുചെയ്യണമെന്നുള്ളതിനെക്കുറിച്ച് നേരത്തെ തന്നെ ഒരു കരാർ ഒരുക്കാൻ തീരുമാനിച്ചു. അതാണ് റണ്ണിംഗ് കോൺട്രാക്ട്. അതിപ്പോൾ ഫലപ്രദമായി നടക്കുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഏത് നല്ല സംവിധാനം കൊണ്ടുവന്നാലും ഞങ്ങളതിനെ സ്വാഗതം ചെയ്യും. എന്റെ നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഒരു പുതിയ സംവിധാനം ഞാൻ പോയിട്ടല്ലേ റിലീസ് ചെയ്തത്. ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയും ചെയ്തു. ഇതിലല്ല പ്രശ്നം. എന്നാൽ പ്രശ്നമെന്നുപറയുന്നത്, ഈ വിഷയത്തെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. നിങ്ങൾ പി.ഡബ്ല്യൂ.ഡി. റോഡ് അനുവദിക്കാത്തതോ, പുതിയ പദ്ധതി

കൊടുക്കാത്തതോ, ഞങ്ങളുടെ മണ്ഡലത്തിൽ തരാത്തതോ കാരണമല്ല ഞങ്ങളിവിടെ വിഷയം കൊണ്ടുവന്നത്. മെയിന്റനൻസ് നടന്നില്ല. സാധാരണ അത് നടക്കും. പ്രീ മൺസൂൺ വർക്ക് എന്നുപറയുന്നത് സംസ്ഥാനത്ത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത് ഷെഡ്യൂൾ ചെയ്ത് കാലങ്ങളായി ചെയ്യുന്ന കാര്യമാണ്. ആ കാര്യത്തിൽ ഇപ്രാവശ്യം ആവശ്യമില്ലാത്ത ഡിലേ ഉണ്ടായി, തെറ്റായ രീതിയുണ്ടായി. ഞങ്ങളൊക്കെ മുഴുവൻ സ്ഥലത്തും പരിശോധിക്കുന്ന ആളുകളാണ്. പാച്ച് വർക്ക് ഇല്ലാതിരിക്കാൻവേണ്ടി, പാച്ച് വർക്ക് ഇല്ലാത്ത റോഡുകൾ ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ്. ഞാൻ നാലുവർഷം പാച്ച് വർക്കിനായി ഫണ്ട് വാങ്ങിയില്ല. ഇതിനൊരു കലണ്ടറുണ്ട്. കാരണം ഒരു റോഡിന്റെ വർക്ക് വന്നു, വിജിലൻസിന്റെ പരാതി വന്നതുകൊണ്ട് വർക്ക് ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചില്ല. ഒരു റോഡിനുമാത്രമാണ് പാച്ച് വർക്ക് ആവശ്യപ്പെട്ടത്. അതിനുപകരം ഏതെല്ലാം കാര്യങ്ങളിലേയ്ക്കാണ് അങ്ങ് പോയത്. കുഴികൾ വർദ്ധിക്കുമ്പോൾ ഏറ്റവും കൂടുതൽ ടൂ വീലറിൽ പോകുന്നവരാണ് അപകടത്തിൽ മരിക്കുന്നത്. മാത്രമല്ല, വലിയ വണ്ടികൾ പെട്ടെന്ന് വെട്ടിച്ചുമാറ്റുമ്പോൾ അവിടെ വേറെ അപകടങ്ങളുണ്ടാകുന്നു, ആ

വാഹനങ്ങൾ മറിയുന്നു. വ്യാപകമായി കുഴികൾ ഉണ്ടായതിന്റെ പേരിലുള്ള മരണങ്ങൾ ഈ കഴിഞ്ഞ ദിവസങ്ങളിൽ വർദ്ധിക്കുന്നു. മാധ്യമങ്ങളുടെ ജോലിയല്ലേ; അവർ അത് സീരിയലൈസ് ചെയ്യും, സർവ്വേ നടത്തും, ധാരാളം കാര്യങ്ങൾ ചെയ്യും, ഒരുപാട് റിപ്പോർട്ട് ചെയ്യും. ഇപ്പോൾ ഈ കമലേശ്വരം റോഡിനെക്കുറിച്ച് പറഞ്ഞപ്പോൾതന്നെ പണം അനുവദിച്ചെന്നാണ് പറഞ്ഞത്, പണം അനുവദിക്കാത്തതല്ല നമ്മുടെ കേസ്. 14 ജില്ലകളിലും വ്യാപകമായി തകർന്നുകിടക്കുന്ന പ്രധാനപ്പെട്ട റോഡുകളുടെയും കുഴികളുള്ള റോഡുകളുടെയും മുഴുവൻ റിപ്പോർട്ടുകൾ ശേഖരിച്ചിട്ടാണ് അടിയന്തരപ്രമേയവുമായി ഞങ്ങൾ ഇവിടെ വന്നത്. അതുകൊണ്ട് ഇത് അപകടം ഇല്ലാതാക്കുകയാണ്. അതിന് ബി.ജെ.പി.-യുമായി എന്താ ബന്ധം; അങ്ങേയ്ക്ക് വേറെ ഏതെങ്കിലും ചർച്ചയിൽ പറയാൻ പാടില്ലേ? ഞങ്ങൾക്ക് ബി.ജെ.പി.-യുമായി ബന്ധമുണ്ടെന്ന്; ഇതെന്താ, ബി.ജെ.പി.-യെ സഹായിക്കാൻ ഞങ്ങൾ കൊണ്ടുവന്നതുപോലെ? ഞാൻ പറഞ്ഞല്ലോ, വിദേശകാര്യ വകുപ്പുമന്ത്രി ഇവിടെ വന്നത് രാഷ്ട്രീയ കാര്യങ്ങൾക്കാണ്. അദ്ദേഹത്തിന് മൂന്നുനാല് പാർലമെന്റ് മണ്ഡലങ്ങളുടെ ചാർജ്ജ് കൊടുത്തിരിക്കുകയാണ്. അവർ ഇവിടെവന്ന് രാഷ്ട്രീയപ്രവർത്തനം

നടത്തുകയാണ്. ഞങ്ങളും അതിനെ എതിർക്കുകയല്ലേ; ഞങ്ങളെന്താ പറഞ്ഞില്ലെന്ന് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീമതി സ്മൃതി ഇറാനി വയനാട്ടിൽ വന്നതിനെക്കുറിച്ച് ഞാൻ വയനാട്ടിൽതന്നെ പത്ര സമ്മേളനം നടത്തി പറഞ്ഞതാണ്. അവർ വന്നിട്ട് പറഞ്ഞതെന്താണെന്ന് അറിയാമോ; ശ്രീ. രാഹുൽഗാന്ധിയെ വയനാട്ടിൽനിന്ന് തുരത്തണമെന്നാണ്. ശ്രീമതി സ്മൃതി ഇറാനി വന്നിട്ട് പ്രതിപക്ഷ നേതാവ് സംസാരിച്ചില്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വയനാട്ടിൽ പത്രസമ്മേളനം നടത്തിയപ്പോൾ പറഞ്ഞു. അവർ ശ്രീ. രാഹുൽഗാന്ധിയെ തുരത്താൻ പറഞ്ഞപ്പോൾ ഒരു മാസത്തിനുള്ളിൽ ശ്രീ. രാഹുൽഗാന്ധിയുടെ ഓഫീസ് ആക്രമിച്ച്, ശ്രീമതി സ്മൃതി ഇറാനിയുടെ ആഹ്വാനം ഏറ്റെടുത്ത ആളുകളാണ് നിങ്ങളെല്ലാവരും. ഞങ്ങൾ ബി.ജെ.പി.-യെയും ബി.ജെ.പി. മന്ത്രിമാരെയും

എതിർക്കും. എതിർക്കേണ്ട സ്ഥലത്ത് എതിർക്കും. എല്ലാദിവസവും ശ്രീ. വി. മുരളീധരൻ എനിക്കെതിരായാണല്ലോ സ്റ്റേറ്റ്മെന്റ് നടത്തുന്നത്. അതേകാര്യമല്ലേ സി.പി.ഐ.(എം)-ന്റെ എം.എൽ.എ.-മാർ എല്ലാദിവസവും എനിക്കെതിരെ ഇവിടെവന്ന് ആരോപണം ഉന്നയിക്കുന്നത്. ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിൽ വലിയ ആശയസംവാദമാണ് നടത്തുന്നത്. എന്താണെന്ന് അറിയാമോ? എൻ.എച്ച്.-ലാണോ പി.ഡബ്ല്യൂ.ഡി.-യിലാണോ ഏറ്റവുംകൂടുതൽ കുഴി? നിങ്ങൾ ആ ആശയസംവാദത്തിലേയ്ക്ക് ഇതൊരു വലിയ സംഭവമാണെന്ന വിധത്തിൽ വലിയ വാർത്തയാക്കി ഒതുക്കി. പ്രധാനപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ വിട്ടുവീഴ്ച ചെയ്യുകയാണ്. ഞങ്ങൾക്ക് 'No compromise with Sangh Parivar.' ഒരു കാര്യത്തിലും വിട്ടുവീഴ്ച ചെയ്യില്ല. ഞങ്ങൾ ഉറച്ച നിലപാടിലാണ്. യഥാർത്ഥത്തിൽ ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, സർക്കാർ അത് ഗൗരവതരമായി പരിശോധിക്കും. തീർച്ചയായും നടപടികൾ സ്വീകരിക്കും. നിങ്ങൾ ഉന്നയിച്ചിരുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കും എന്നൊരു മറുപടിയാണ് പറഞ്ഞിരുന്നതെങ്കിൽ വാക്ക്ഔട്ട് പോലും വേണ്ട എന്നാണ് ഞങ്ങൾ തീരുമാനിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ

പ്രകാപനപരമായ വാക്കുകളും രാഷ്ട്രീയ അതിപ്രസരം കലർന്ന വാക്കുകളും... റോഡിലെ കുഴികളെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് ബി.ജെ.പി.-യെപ്പറ്റി പറയുന്നത്; എന്തിനാണ് ബി.ജെ.പി. വർത്തമാനം പറയുന്നത്; അപ്പോഴാണോ മതേതരത്വത്തെക്കുറിച്ച് പ്രസംഗിക്കാൻകണ്ട അവസരം? ബഹുമാനപ്പെട്ട മന്ത്രി സ്വയം അദ്ദേഹം ചെയ്ത കാര്യങ്ങൾ പുകഴ്ത്തുകയും ഞങ്ങൾ ഉന്നയിച്ച കാര്യങ്ങൾ ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക്ഔട്ട് ചെയ്യുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നിങ്ങൾ പറഞ്ഞത് പോസീറ്റിവായെടുത്ത് ചെയ്യേണ്ടത് ചെയ്യാമെന്ന് പ്രത്യേകമായി ഈ സഭയോട് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേൾക്കാത്തതിന്റെ പ്രശ്നമാണ്. ഞാനത് പറഞ്ഞിട്ടുണ്ട്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പോസിറ്റീവായി പറഞ്ഞതിനൊക്കെ പോസിറ്റീവായി തന്നെ പ്രതികരിച്ചിട്ടുണ്ട്, അതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. രാഷ്ട്രീയം പറഞ്ഞതിന് രാഷ്ട്രീയമായിത്തന്നെ മറുപടിയും പറഞ്ഞു, അത്രയേയുള്ളൂ. ബി.ജെ.പി.-യോട് ഫൈറ്റ് ചെയ്യുന്ന കാര്യമാണെങ്കിൽ അതിൽ കോൺഗ്രസിനെ മാറ്റി നിർത്തി മുന്നോട്ട് പോകാനാകുമോ? ഇടതുപക്ഷം ഒറ്റയ്ക്ക് ബി.ജെ.പി.-ക്കെതിരെ ഫൈറ്റ് ചെയ്താൽ ഇന്ത്യാരാജ്യത്ത് വല്ല ചലനവുമുണ്ടാകുമോ? പിന്നെ ആ രാഷ്ട്രീയം പറഞ്ഞാൽ പ്രതിപക്ഷ നേതാവ് മറുപടി പറയാതിരിക്കുമോ? ഞാൻ തുടക്കത്തിൽതന്നെ അത് പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഈ ക്ലാസ് എടുക്കേണ്ടത് കോൺഗ്രസിനാണെന്ന് മാത്രമേ പറയുന്നുള്ളൂ, വേറെയൊന്നുമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.-യുടെ തന്ത്രം മറികടക്കാൻ വളരെ ഗൗരവമായി എല്ലാവരും ആലോചിക്കേണ്ട സാഹചര്യമാണുള്ളത്. അത് ഞങ്ങൾ ഒറ്റയ്ക്ക് നടത്തിക്കൊള്ളാമെന്ന് നിങ്ങൾ പറഞ്ഞാൽ അത് എവിടെയും എത്തില്ലെന്നുള്ള വസ്തുത ഞാൻ പറഞ്ഞുവെന്ന്

മാത്രമേയുള്ളൂ. ഇവിടുത്തെ പ്രശ്നം...

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിനാൽ ചർച്ച ചെയ്യേണ്ടതില്ല. വാക്കൗട്ട് പ്രസംഗം നടത്തിയാൽ മതി. പ്ലീസ്......വാക്കൗട്ട് പ്രസംഗം നടത്തൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ വിഷയത്തിലേയ്ക്ക് വരാം. ഇവിടെ കുഴി എന്നത് ഇപ്പോൾ ഒരു സാമൂഹ്യ പ്രശ്നമാണ്. സാമൂഹ്യ പ്രശ്നമെന്ന് പറഞ്ഞാൽ ജനങ്ങളുമായി ബന്ധപ്പെട്ട വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നാല് കുഴിയടയ്ക്കുന്ന കാര്യമല്ല സൂചിപ്പിച്ചത്. കേരളത്തിൽ ഇന്ന് മരണം നത്യസംഭവമാണ്. കൂട്ടമരണവും ഒറ്റ മരണവും ഇടിയുടെ ആഘാതത്തിൽ സ്കൂട്ടറുകൾ വലിയ വാഹനങ്ങളുടെ അടിയിലേയ്ക്ക് പോകുന്നതും, അതിപ്പോൾ നാഷണൽ ഹൈവേയിലാണോ പി.ഡബ്ല്യു.ഡി.-യുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റോഡിലാണോ എന്നുള്ളതല്ല പ്രശ്നം. ജനങ്ങൾ റോഡിലിറങ്ങുന്നതിന് പേടിയാകുന്ന തരത്തിൽ..... ഇത് ഒരു ദിവസംകൊണ്ടുണ്ടായി എന്ന നിലയിലല്ലല്ലോ ഇവിടെപ്പറഞ്ഞത്. കുഴി വലിയൊരു സാമൂഹിക പ്രശ്നമായി വന്നിരിക്കുകയാണ്. അത്

നത്യസംഭവമാണ്. അതിദാരുണമായ സംഭവങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുഴിയടയ്ക്കുന്ന കാര്യത്തിൽ നമ്മൾ, ഏട്ടിലെ പശുക്കളെല്ലാംകൂടി ഇറങ്ങി പുല്ല് തിന്നില്ല. റണ്ണിംഗ് കോൺട്രാക്ട് എന്ന നല്ലൊരു പരിപാടിയുള്ളതിനാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ വളരെ നല്ലതാണ്. പണ്ട് ഒരു മന്ത്രി പറഞ്ഞതുപോലെ ആയിപ്പോകരുത്. ഞാൻ മന്ത്രി ആരാണെന്നോ പാർട്ടി ഏതാണെന്നോ പറയുന്നില്ല. കുഴികളൊക്കെ എണ്ണുന്ന പരിപാടിയുണ്ടായിരുന്നു. അത് വലിയ ചർച്ചയായിരുന്നു. കുഴി എണ്ണി വന്നപ്പോഴേയ്ക്കും അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞുപോയി. കുഴി എണ്ണിത്തീർന്നില്ല, അതുകൊണ്ട് കുഴികളെല്ലാം അവിടെ കിടക്കുകയും ചെയ്തു. പെർഫോർമെൻസ് മോശമായിരുന്നു. അതുപോലെയായിപ്പോകരുത്. റണ്ണിംഗ് കോൺട്രാക്ട് ഫലപ്രദമായി നടപ്പാക്കാൻ സമയബന്ധിതമായ ഒരു പരിപാടിയുണ്ടെങ്കിൽ അടിക്കടി കുഴിയുണ്ടാകുന്ന സ്ഥിതി ഒഴിവാക്കാനാകും. പി.ഡബ്ല്യു.ഡി. റോഡുകൾ അവരവരുടെ മണ്ഡലത്തിൽ നന്നായിക്കിട്ടണം, നല്ല റബ്ബറൈസ്ഡ് റോഡുകൾ വേണമെന്ന് എല്ലാ എം.എൽ.എ.-മാരും ആഗ്രഹിക്കുന്നതിൽ

രാഷ്ട്രീയമില്ല. അങ്ങനെ ഒരു പെർഫോർമൻസ് മണ്ഡലത്തിലുണ്ടായാൽ അതിന്റെ ഗുണം എം.എൽ.എ.-ക്കുമുണ്ട്. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ എനിക്ക് തോന്നുന്നത് ഈ വിഷയത്തിൽ കുറച്ചുകൂടി ഇംപ്ലിമെന്റ് ചെയ്യണമെന്നാണ്. ഏട്ടിലെ പശുവായി അവശേഷിക്കാൻ പാടില്ല. അതുകൊണ്ട് പ്ലാനും പദ്ധതിയുമെല്ലാം ഡിപ്പാർട്ട്മെന്റ് പറയുമെങ്കിലും കുറച്ചുകൂടി ഇംപ്ലിമെന്റേഷൻ ആവശ്യമാണ്. കുഴികൾ ഒരു സാമൂഹിക പ്രശ്നമായ സ്ഥിതിക്ക് അത് പരിഹരിക്കണം. എന്തുകൊണ്ടാണ് ഇത്രയധികം ആളുകൾ മരിക്കുന്നതെന്ന് ചോദിച്ചാൽ കേരളത്തിൽ ഒരുപക്ഷേ റോഡപകടങ്ങൾ വലിയൊരു വിഷയമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്സാഹം അക്കാര്യത്തിലുണ്ടാകണം. അതാണ് ഇന്നത്തെ ചർച്ചകൊണ്ട് ഉദ്ദേശിച്ചത്. അതിൽ രാഷ്ട്രീയമെല്ലാം കയറിവന്ന് വക്കൗട്ടിൽ എത്തിയതാണ്. ഇതിനേക്കാൾ നല്ലത് ചർച്ച അനുവദിക്കാമായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും അത് അനുവദിക്കാത്തതുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ മെയിന്റനൻസിനുള്ള തുക അനുവദിച്ചതിലെ കാലതാമസമാണ് യഥാർത്ഥത്തിൽ പ്രശ്നമായത്. റണ്ണിംഗ് കോൺട്രാക്ട് രണ്ട് ലിസ്റ്റിലായാണ് വന്നത്. രണ്ടാമത്തെ ലിസ്റ്റ് വന്നത് മേയ് മാസത്തിലാണ്. മേയ് മാസത്തിൽത്തന്നെ മഴ ആരംഭിച്ചു. അതോടെ വർക്കുകളെല്ലാം താറുമാറായി. ഇനി മഴ കഴിഞ്ഞ് വർക്ക് ചെയ്യാമെന്നുവച്ചാൽ, നിങ്ങൾ ഒരു റോഡിന് അഞ്ച് ലക്ഷം രൂപ അനുവദിച്ചാൽ മഴ കഴിയുമ്പോൾ 10 ലക്ഷം രൂപയുടെ കുഴികൾ ആ റോഡിൽ രൂപപ്പെടും. യഥാർത്ഥത്തിൽ റണ്ണിംഗ് കോൺട്രാക്ടിന്റെ രണ്ടാമത്തെ ലിസ്റ്റ് വരാനുണ്ടായ കാലതാമസം കാരണം ഉണ്ടായ പ്രശ്നങ്ങളാണ്. ഞാൻ ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഫിനാൻസ് വകുപ്പിൽ നിന്നും ക്ലിയറൻസ് വന്നിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. മെയിന്റനൻസ് വിഭാഗത്തിലും റോഡ്സ് വിഭാഗത്തിലും ഏതൊക്കെ റോഡുകൾ കൊടുക്കണമെന്നതിനെ സംബന്ധിച്ചുള്ള വ്യക്തതയില്ലയ്മയാണ് ഫിനാൻസിലേക്ക് ലിസ്റ്റ് നൽകാൻ വൈകിയതെന്ന് അതിനുശേഷമാണ്

മനസ്സിലായത്. എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പ്രധാനപ്പെട്ട റോഡുകളിൽ കുഴികൾ നിറഞ്ഞ് റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റ് 2-ൽപ്പെട്ട് കിടക്കുകയാണ്. ഇപ്പോൾ തുക അനുവദിച്ച് ടെണ്ടർ ആയി. പക്ഷേ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നു. ഇത്തരത്തിൽ വലിയ രീതിയിലുള്ള പ്രതിഷേധം കേരളത്തിലെമ്പാടുമുണ്ടാകുന്നു. അടുത്ത പ്രാവശ്യമെങ്കിലും മാർച്ച് മാസത്തിൽത്തന്നെ തുക അനുവദിക്കാനും പ്രീ-മൺസൂൺ ആയി വർക്കുകൾ തീർക്കാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ധാരാളം വിലപ്പെട്ട ജീവനുകൾ നമ്മുടെ നിരത്തുകളിൽ നഷ്ടപ്പെടുകയാണ്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നംകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കാം. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു ഏകോപനമുണ്ടാകണം. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിൽ ദേശീയ കായിക താരം ജൂബി തോമസ് ഒരു ബൈക്ക് അപകടത്തിൽ മരണപ്പെട്ടു. ബസിന്റെ അമിതവേഗതയാണ് ഈ മരണത്തിന് കാരണമെന്നുള്ളതാണ്. അതുസംബന്ധിച്ച് അന്വേഷണം നടക്കുകയാണ്. ഇവിടെ സൂചിപ്പിച്ചത്, ഇതടക്കം എത്രയോ വിലപ്പെട്ട ജീവനുകളാണ് കുഴികളിൽ വീണും അമിത

വേഗത കാരണവും നഷ്ടപ്പെടുന്നത്. ഇവിടെ റോഡ് സേഫ്റ്റി നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...

ശ്രീ. അനൂപ് ജേക്കബ്: സർ, നിയമങ്ങൾ പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിരത്തുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടകരമായ കുഴികൾ അടിയന്തരമായി നികത്താൻ നടപടികളുണ്ടാകണം. അടുത്ത വർഷമെങ്കിലും ഇത്തരത്തിലുള്ള പ്രശ്നമുണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ഇത് ഗൗരവമേറിയ ഒരു വിഷയമാണ്. ഈ വിഷയത്തിൽ വകുപ്പുമന്ത്രി വളരെ കാര്യക്ഷമമായി ഇടപെടുന്നുണ്ടെന്ന്

അറിയാം. എങ്കിലും റോഡുകളിൽ വലിയ ബുദ്ധിമുട്ടുണ്ട്. മണിക്കൂറുകൾ നീണ്ട ക്യൂവാണ് നാഷണൽ ഹൈവേയിലൊക്കെ കാണുന്നത്. കോളേജുകളിലേയ്ക്കും സ്കൂളുകളിലേയ്ക്കും ജോലിസ്ഥലത്തേയ്ക്കുമെല്ലാം പോകാൻ എല്ലാവരും വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തീർച്ചയായും ഈ കുഴികൾ അടയ്ക്കുകയും ഇതിന് ആവശ്യമായ പരിഹാരം കാണുകയും ചെയ്യുക എന്നാണ് പറയാനുള്ളത്. ഇത്തരം ഗൗരവമായ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്, അതിന് പരിഹാരമുണ്ടാകേണ്ടതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)